ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതുപോലെ

# വ്യസനങ്ങൾ



വ്യസനിക്കുക എന്നതാണ് ഈ ലോകത്തിലെ

ഏറ്റവും വലിയ വിഢിത്തം

Malayalam

ദാദാ ഭഗവാൻ
വിശദീകരിച്ചിരിക്കുന്നതു പോലെ

# വ്യസനങ്ങൾ

മൂലരൂപം ഗുജറാത്തിയിലാണ്.
അതിന്റെ ഇംഗ്ലീഷ് വിവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.
ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്.

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, June 2021

**Price :** Ultimate Humility (leads to Universal oneness) and Awareness of "I Don't Know Anything"
Rs.: 20.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

# ത്രിമന്ത്രം






**നമോ വീതരാഗായ**
**നമോ അരിഹന്താണം**
**നമോ സിദ്ധാണം**
**നമോ ആയരിയാണം**
**നമോ ഉവ്വജ്ജായാണം**
**നമോ ലോ യേ സവ്വ സാഹൂണം**
**എസോ പഞ്ച നമുക്കാരോ**
**സവ്വ പാവാപ്പനാസണോ**
**മംഗളാണം ച സവ്വേശിം**
**പഠമം ഹവായ് മംഗളം**
**ഓം നമോ ഭഗവതേ വാസുദേവായ**
**ഓം നമഃ ശിവായ**

**ജയ് സത് ചിദാനന്ദ്.**





## ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബഞ്ചിലിരിക്കെ, ***ദാദാഭഗവാൻ*** അംബാലാൽ മൂൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി വെളിപ്പെട്ടു. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിവാക്കി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് വെളിവായി. ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം? എന്നു തുടങ്ങിയ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ വൈകുന്നേരം അദ്ദേഹത്തിന് ലഭിച്ചത്, വെറും രണ്ടു മണിക്കൂർ കൊണ്ട്, തന്റെ ***ജ്ഞാനവിധി*** എന്ന നൈസർഗ്ഗികമായ ശാസ്ത്രീയ പരീക്ഷണത്തിലൂടെ, അദ്ദേഹം മറ്റുള്ളവർക്ക് നല്കി! ഇത് ***അക്രം മാർഗ്ഗം*** എന്ന് അറിയപ്പെടുന്നു. തുടർച്ചയായി പടികൾ ഒന്നൊന്നായി കയറിപ്പോകുന്ന മാർഗ്ഗമാണ് ക്രം. അക്രം പടികളില്ലാത്ത എളുപ്പവഴിയാണ്, ഒരു ലിഫ്റ്റിലെന്ന പോലെ പെട്ടന്ന് ഉയർത്തുന്ന മാർഗ്ഗമാണ്!

അദ്ദേഹം സ്വയം ദാദാ ഭഗവാൻ ആരാണ് എന്ന് വിശദീകരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ മുന്നിൽ ദൃശ്യനായിരിക്കുന്ന ആൾ ***ദാദാ ഭഗവാൻ*** അല്ല. ഞാൻ ജ്ഞാനീപുരുഷനാണ്. എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ഭഗവാനാണ് ***ദാദാ ഭഗവാൻ.*** അദ്ദേഹം പതിനാലു ലോകങ്ങളുടേയും ഭഗവാനാണ്. അദ്ദേഹം നിങ്ങൾക്കുള്ളിലുമുണ്ട്, എല്ലാവരുടെ ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങൾക്കുള്ളിൽ പ്രകടമാകാതെ ഇരിക്കുന്നു, അതേ സമയം ഇവിടെ (എ.എം.പട്ടേലിനകത്ത്) അദ്ദേഹം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു! ഞാൻ, സ്വയം ദൈവമല്ല (ഭഗവാനല്ല); എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ***ദാദാ ഭഗവാനെ*** ഞാനും വണങ്ങുന്നു."

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മജ്ഞാനത്തിനുശേഷം, ആയിരക്കണക്കിന് ആത്മീയാന്വേഷകർ ബന്ധനമുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനിടക്കു തന്നെ ആത്മാനുഭവത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

# വിവർത്തകക്കുറിപ്പ്

ദാദാശ്രീ അല്ലെങ്കിൽ ദാദാ അല്ലെങ്കിൽ ദാദാജി എന്ന് അറിയപ്പെടുന്ന ജ്ഞാനി പുരുഷ് അംബലാൽ എം.പട്ടേൽ, സയൻസ് ഓഫ് സെൽഫ്-റിയലൈസേഷൻ, ലൗകിക ഇടപെടലിന്റെ കല എന്നിവയെ കുറിച്ചുള്ള തന്റെ സത്സംഗത്തെ ഇംഗ്ലീഷിലേക്ക് കൃത്യമായി വിവർത്തനം ചെയ്യാൻ കഴിയില്ല എന്ന് പറയും ആയിരുന്നു. അന്വേഷകനെ അറിയിക്കേണ്ട അർത്ഥത്തിന്റെ ആഴവും ഉദ്ദേശ്യവും നഷ്ടപ്പെടും. തന്റെ പഠിപ്പിക്കലുകൾ എല്ലാം കൃത്യമായി മനസ്സിൽ ആക്കാൻ ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു

അങ്ങനെയാണെങ്കിലും തന്റെ വാക്കുകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം അനുഗ്രഹം നല്കിയിട്ടുണ്ട്. അങ്ങനെ ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ നേട്ടമുണ്ടാക്കാനും പിന്നീട് സ്വന്തം പരിശ്രമത്തിലൂടെ മുന്നേറാനും സാധിക്കും. ഈ ശാസ്ത്രത്തിന്റെ അസാധാരണ ശക്തികളെ കുറിച്ച് ലോകം വിസ്മയപ്പെടുന്ന ഒരു ദിവസം വരുമെന്നും അദ്ദേഹം പറഞ്ഞു.

ജ്ഞാനിപുരുഷനായ ദാദാശ്രീയുടെ ഉപദേശങ്ങളുടെ സാരാംശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഉള്ള എളിയ ശ്രമമാണ് ഇത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സ്വരവും സന്ദേശവും സംരക്ഷിക്കാൻ വളരെ അധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കൃതികളുടെ അക്ഷരീയ വിവർത്തനമല്ല. നിരവധി വ്യക്തികൾ ഈ ഉല്പ്പന്നത്തിനായി ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുണ്ട്, ഞങ്ങൾ എല്ലാവരോടും നന്ദി ഉള്ളവരായി തുടരുന്നു

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വിശാലമായ പുതിയ നിധിയുടെ പ്രാഥമിക ആമുഖം ആണ് ഇത്. വിവർത്തനത്തിൽ വരുത്തിയ പിശകുകൾ പൂർണ്ണമായും വിവർത്തകരുടെത് ആണെന്ന കാര്യം ശ്രദ്ധിക്കുക. ഞങ്ങൾ അവർക്കായി മാപ്പ് അഭ്യർത്ഥിക്കുന്നു

# ആമുഖം

വിഷമങ്ങൾ ഒന്നും ഇല്ലാത്ത ആരാണുള്ളത്? ശരിക്കും ലോകം പരിത്യജിച്ച ആളുകൾക്ക് വ്യസനങ്ങൾ ഒന്നും ഉണ്ടാവില്ല. മറ്റെല്ലാവരും വ്യസനിക്കുന്നു. എന്തു കൊണ്ടാണ് വ്യസനങ്ങൾ ഉണ്ടാകുന്നത്? വ്യസനങ്ങളുടെ ഫലമെന്താണ്? എങ്ങനെ ഒരാള്ക്ക് വ്യസനങ്ങളിൽ നിന്നും മുക്തനാകാം? ഇതെല്ലാം ശരിയായി മനസ്സിലാക്കാനും ഇവക്കുള്ള ഉത്തരങ്ങൾ ലഭിക്കാനും, ഈ ചെറിയ പുസ്തകം, ജ്ഞാനീ പുരുഷനായ ദാദാശ്രീയുടെ സത്സംഗരൂപത്തിൽ സഹായിക്കുന്നു.

വ്യസനം കത്തിക്കൊണ്ടിരിക്കുന്ന തീയാണ്. അത് നിരന്തരം ജ്വലിച്ചു കൊണ്ടിരിക്കുന്നു. അത് രോഗങ്ങളും മാനസിക സമ്മര്ദ്ദവും ക്ഷണിച്ചു വരുത്തുന്നു. അത് ജീവിക്കാനുള്ള നിങ്ങളുടെ ആഗ്രഹം നശിപ്പിക്കുകയും അതോടൊപ്പം താണ ജന്മങ്ങൾ ലഭിക്കാനുള്ള കർമ്മങ്ങൾ ബന്ധിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് നിങ്ങളുടെ ഇപ്പോഴുള്ള ജീവിതവും വരാൻ പോകുന്ന ജന്മങ്ങളും നശിച്ചുപോകുന്നു.

ഇഗോയിസം (അഹങ്കാരം) ആണ് വ്യസനം. വ്യസനങ്ങൾ കൊണ്ട് കഷ്ടപ്പെടുന്ന ആൾക്ക് എല്ലാ പ്രവൃത്തികളുടെയും സംഭവങ്ങളുടേയും പിറകിലുള്ള ശാസ്ത്രത്തെക്കുറിച്ച് ഒരു അറിവുമില്ല. ജീവിതത്തിലെ എല്ലാ പ്രവൃത്തികളും ചെയ്യുന്നത് താനാണ് എന്ന് അയാൾ വിശ്വസിക്കുന്നു. കർതൃത്വത്തിന്റെ ആ ഇഗോ മൂലം കാര്യങ്ങൾ തന്റെ ഇച്ഛക്ക് അനുസരിച്ച് നടക്കാതെ വരുമ്പോൾ, വ്യസനങ്ങളുടെ രൂപത്തിൽ അയാൾ കഷ്ടം അനുഭവിക്കേണ്ടി വരുന്നു.

വ്യസനം മൂലം ചെയ്യുന്ന ജോലി നശിച്ചുപോകുന്നു. ഇത് പ്രകൃതിയുടെ ഒരു നിയമമാണ്. വ്യസനങ്ങളിൽ നിന്നും സ്വതന്ത്രം ആയാൽ പ്രവൃത്തി നല്ലതായി തീരുന്നു. നല്ല നിലയിൽ കഴിയുന്നവരും പ്രധാനപ്പെട്ടവരും ആയ ആളുകൾ ഉയർന്ന തലത്തിലുള്ള സമ്മർദ്ദങ്ങളും വ്യസനങ്ങളും അനുഭവിക്കുന്നു. താരതമ്യം ചെയ്തുനോക്കിയാൽ, തൊഴിലാളികൾ അധികം വ്യസനിക്കാതെ സുഖമായി ഉറങ്ങുന്നു. അതേ സമയം അവരുടെ യജമാനന്മാർക്ക് ഉറക്ക ഗുളിക കഴിക്കേണ്ടി വരുന്നു. വ്യസനിക്കുന്നവർക്ക് അവരുടെ സമ്പത്ത് നഷ്യമാകുന്നു. വ്യസനങ്ങൾ തടസ്സ കർമ്മങ്ങൾ ബന്ധിക്കുന്നു. അത്തരം തടസ്സ കർമ്മങ്ങൾ ഭാവിയിൽ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകുന്നതിന് തടസ്സമായിത്തീരുന്നു.

വ്യസനത്തിന്റെ നിർവചനം എന്താണ് ? ചിന്തകൾ പ്രശ്നമല്ല. നിങ്ങൾ വൈകാരികമായി ചിന്തകളിൽ തന്നെ മുഴുകുമ്പോളാണ് വ്യസനങ്ങൾ ആരംഭിക്കുന്നത്. ഇങ്ങനെ സംഭവിക്കുമ്പോൾ, നിർത്തുക.

ഈ പ്രപഞ്ചത്തിലെ എല്ലാ സംഭവങ്ങളും ശാസ്ത്രീയ സാഹചര്യ തെളിവുകളുടെ (Scientific Circumstantial Evidences – വ്യവസ്ഥിതി) നിയന്ത്രണത്തിൽ ആണ് നടക്കുന്നത്. സ്വതന്ത്രം ആയി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ആരും തന്നെയില്ല. അജ്ഞതയാണ് വ്യസനങ്ങൾ ഉണ്ടാക്കുന്നത്. എപ്പോഴാണ് വ്യസനങ്ങൾ തീർത്തും ഇല്ലാതാവുക? കർതൃത്വ ബോധം നിലയ്ക്കുമ്പോൾ. എപ്പോഴാണ് കർതൃത്വ ബോധം നിലയ്ക്കുക? ആത്മ ജ്ഞാനം ലഭിക്കുമ്പോൾ.

**ഡോ .നീരുബെൻ അമീൻ**

# വ്യസനങ്ങൾ

## (1) എന്താണ് വ്യസനങ്ങളുടെ ഉറവിടം?

**ദാദാശ്രീ:** നിങ്ങളെപ്പോഴെങ്കിലും വ്യസനിച്ചിട്ടുണ്ടോ?

**ചോദ്യകർത്താവ്:** മനുഷ്യ സ്വഭാവമാണ് വ്യസനം. ഏതെങ്കിലും തരത്തിലുള്ള വ്യസനങ്ങൾ എപ്പോഴും വന്നുകൊണ്ടിരിക്കും.

**ദാദാശ്രീ:** മനുഷ്യ പ്രകൃതി എന്താണെന്നു വെച്ചാൽ, ആരെങ്കിലും നിങ്ങളെ അടിച്ചാൽ, നിങ്ങൾ തിരിച്ചടിക്കും. എന്നാൽ ചില വിവേകിളായ ആളുകൾ ഉണ്ട്. അങ്ങനെയുള്ളവർ നിയമം കൈയിൽ എടുക്കാൻ പാടില്ല എന്നു കരുതുന്നു. വ്യസനിക്കുന്നതു നിയമം കൈയിൽ എടുക്കുന്നതു പോലെത്തന്നെയാണ്. കാര്യങ്ങൾ നിങ്ങളുടെ കൈയിൽ എടുക്കുന്നതു തെറ്റാണ്. മനുഷ്യൻ എന്തിനാണ് വ്യസനിക്കുന്നത്? എല്ലാ ദൈവങ്ങളും പറയുന്ന ജനങ്ങൾ വ്യസനിക്കേണ്ടതില്ലെന്ന്, എല്ലാം അദ്ദേഹത്തിന് വിട്ടു കൊടുക്കണമെന്ന്.

**ചോദ്യകർത്താവ്:** പക്ഷെ, പറയുന്നതും അത് നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

**ദാദാശ്രീ:** ഞാൻ വസ്തുത എന്താണെന്നു പറയുക മാത്രമാണ്. വ്യസനങ്ങൾ ഒഴിവാക്കാൻ എളുപ്പം അല്ല. പലപ്പോഴായി എല്ലാവരും വ്യസനങ്ങൾ അനുഭവിക്കുന്നു. വ്യസനം വന്നാൽ എന്തു മരുന്നാണ് നിങ്ങൾ കഴിക്കുക? വ്യസനങ്ങൾ മാറാൻ എന്തെങ്കിലും മരുന്നുണ്ടോ?

## (2)വ്യസനങ്ങളുണ്ടെങ്കിൽ പരമാനന്ദം അനുഭവിക്കുന്നത് എങ്ങനെ?

**ചോദ്യകർത്താവ്:** വ്യസനങ്ങളിൽ നിന്നും മുക്തനാവാൻ, ഞാൻ ദൈവത്തെ പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹത്തിനായി

അപേക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന്റെ നാമം ജപിക്കുന്നത്. അങ്ങനെ ഞാൻ ആത്മീയപുരോഗതി നേടുന്നു. അങ്ങനെ ഒക്കെ ആണെങ്കിലും, ഇതുവരെ ഞാൻ എനിക്കകത്തു വസിക്കുന്ന ദൈവത്തെ അനുഭവിച്ചിട്ടില്ല.

**ദാദാശ്രീ:** എങ്ങനെ നിങ്ങൾ അനുഭവിക്കും? നിങ്ങളുടെ വ്യസനങ്ങൾക്ക് ഇടക്ക് നിങ്ങൾക്ക് ഒന്നും അനുഭവിക്കാൻ ആവില്ല. അനുഭവവും വ്യസനവും, ഒരിക്കലും ഒരുമിച്ചുപോകില്ല. ഒരിക്കൽ ഈ വ്യസനങ്ങളെല്ലാം അപ്രത്യക്ഷമായാൽ, നിങ്ങൾക്ക് അനുഭവമുണ്ടാവും.

**ചോദ്യകർത്താവ്:** എങ്ങനെയാണ് ഈ വ്യസനങ്ങൾ അവസാനിക്കുക?

**ദാദാശ്രീ:** ഈ സത്സംഗത്തിൽ തുടർന്നാൽ അവസാനിക്കും. നിങ്ങൾ മുമ്പ് എപ്പോഴെങ്കിലും സത്സംഗത്തിന് വന്നിട്ടുണ്ടോ?

**ചോദ്യകർത്താവ്:** ഞാൻ മറ്റു സ്ഥലങ്ങളിൽ സത്സംഗത്തിന് പോകാറുണ്ട്.

**ദാദാശ്രീ:** ഒരു സത്സംഗത്തിന് പോയിട്ട്, നിങ്ങളുടെ വ്യസനങ്ങൾ അവസാനിക്കുന്നില്ലെങ്കിൽ, ആ സത്സംഗം നിങ്ങൾ ഉപേക്ഷിക്കണം. സത്സംഗത്തിൽ പോയാൽ നിങ്ങളുടെ വ്യസനങ്ങൾ അവസാനിക്കണം.

**ചോദ്യകർത്താവ്:** ഞാൻ അവിടെ ഇരിക്കുന്ന സമയത്തോളം മാത്രമെ എനിക്ക് സമാധാനം തോന്നുന്നുള്ളു.

**ദാദാശ്രീ:** ഇല്ല, അതിനെ സത്സംഗം എന്നു പറയാനാവില്ല. അതിൽ സമാധാനമില്ല. ഇത്തരം സമാധാനം നർമ്മ ഭാഷണം കേട്ടാലും അനുഭവപ്പെടും. യഥാർത്ഥ സമാധാനം എപ്പോഴും നിങ്ങളോടു കൂടെയിരിക്കും നിങ്ങളുടെ വ്യസനങ്ങൾ മാറാത്ത സ്ഥലത്ത് വീണ്ടും നിങ്ങളെങ്ങനെ സത്സംഗത്തിനു പോകും? സത്സംഗം നടത്തുന്ന ആളോട് നിങ്ങൾ പറയണം, ‘‘സർ, എനിക്ക് വ്യസനങ്ങൾ തുടരുന്നു. അതുകൊണ്ട്

ഞാൻ സത്സംഗത്തിന് വരുന്നില്ല. അതല്ലെങ്കിൽ എനിക്ക് വ്യസനങ്ങൾ മാറാനുള്ള എന്തെങ്കിലും മരുന്ന് തരൂ.''

**ചോദ്യകർത്താവ്:** എന്റെ മനസ്സ് ഒരിടത്തും സ്വസ്ഥമല്ല, വീട്ടിലായാലും, ഓഫീസിലായാലും ഞാൻ അസ്വസ്ഥനാണ്.

**ദാദാശ്രീ:** ഓഫീസിൽ ജോലി ചെയ്ത് കൂലി വാങ്ങാനാണ് നിങ്ങൾ പോകുന്നത്. വീട്ടുകാരോട് നിങ്ങൾക്ക് ചില കടമകളുണ്ട്. അവിടന്ന് നിങ്ങൾക്ക് ഓടിപ്പോകാനാവില്ല. നിങ്ങളുടെ വ്യസനങ്ങൾ മാറ്റാനാവാത്ത സത്സംഗങ്ങൾ ഉപേക്ഷിക്കുക. വേറെ ഏതെങ്കിലും സത്സംഗങ്ങൾ അന്വേഷിച്ച് പോകുക. നിങ്ങളുടെ എല്ലാ വ്യസനങ്ങളും തീരുന്ന സത്സംഗം അന്വേഷിക്കുക. നിങ്ങൾ വേറെ ഏതെങ്കിലും സത്സംഗത്തിന് പോയിട്ടുണ്ടോ?

**ചോദ്യകർത്താവ്:** പക്ഷെ, ദൈവം നമുക്കകത്താണെന്നാണ് ഞങ്ങളോട് പറഞ്ഞിട്ടുള്ളത്. അകത്തു നിന്നും സമാധാനം കിട്ടുമെന്നും, മറ്റൊരിടത്തും അന്വേഷിക്കേണ്ടതില്ലെന്നും.

**ദാദാശ്രീ:** അതെ. അതു ശരിയാണ്.

**ചോദ്യകർത്താവ്:** പക്ഷെ, ഞങ്ങൾക്ക് അനുഭവം ഉണ്ടാകുന്നില്ല, ഞങ്ങൾക്ക് അകത്തെല്ലാം ദൈവമുണ്ടെന്ന്.

**ദാദാശ്രീ:** വ്യസനങ്ങളുടെ സാന്നിദ്ധ്യത്തിൽ നിങ്ങൾക്ക് ദൈവത്തെ അനുഭവിക്കാൻ ആവില്ല. വ്യസനങ്ങളുണ്ടെങ്കിൽ, നിങ്ങൾക്കകത്തുള്ള അനുഭവങ്ങൾ പോലും അപ്രത്യക്ഷമാകും. വ്യസനമാണ് ഏറ്റവും വലിയ ഇഗോ. ദൈവം ചോദിക്കുന്നു, "നിങ്ങൾ എന്താണ് ഇത്ര അഹങ്കാരി ആകുന്നത്? നിങ്ങൾ അങ്ങനെ ആയാൽ നിങ്ങൾക്കിവിടെ സ്വാഗതമില്ല." "ഞാനിത് നടത്തുന്നു, ഞാനിത് ചെയ്യുന്നു" എന്നെല്ലാം വിശ്വസിക്കുന്നവൻ വ്യസനങ്ങളാൽ കഷ്ടപ്പെടേണ്ടിവരും.

**ചോദ്യകർത്താവ്:** എനിക്ക് ദൈവത്തിൽ വിശ്വാസമുണ്ട്.

**ദാദാശ്രീ:** നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നെങ്കിൽ, നിങ്ങൾ എല്ലാം ദൈവത്തിനു വിട്ടുകൊടുത്ത് സുഖമായി ഉറങ്ങിയേനെ. ആരാണ് ഇങ്ങനെ വ്യസനിക്കുക? അതുകൊണ്ട് ദൈവത്തിൽ വിശ്വസിക്കു. നിങ്ങൾ പറയുന്നതിൽ അല്പമെങ്കിലും ദൈവം കേൾക്കുന്നുണ്ടാവില്ലേ? ഭക്ഷണശേഷം നിങ്ങൾക്ക് വ്യസനിക്കേണ്ടി വരാറുണ്ടോ? ദഹനരസങ്ങളും എൻസൈമുകളും വേണ്ടത്ര പുറത്തുവന്നോ, വന്നില്ലേ എന്നൊക്കെ നിങ്ങൾ വ്യസനിക്കാറുണ്ടോ? രക്തമുണ്ടാകുമോ, മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുമോ എന്നൊക്കെ നിങ്ങൾ വ്യസനിക്കുമോ? നിങ്ങൾ വ്യസനിക്കേണ്ട ധാരാളം കാര്യങ്ങൾ നിങ്ങളുടെ അകത്തു നടക്കുന്നുണ്ട്. എങ്കിലും നിങ്ങൾ വ്യസനിക്കുന്നത് പുറത്തു നടക്കുന്ന കാര്യങ്ങളെക്കുറിച്ചാണ്. എല്ലാ മഹത്തായ പ്രവൃത്തികളും ദൈവം അകത്തു നടത്തുന്നുണ്ട്. പുറത്തെ പ്രവൃത്തികൾ എല്ലാം അവയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ നിസ്സാരമാണ്. നിങ്ങളാണ് എല്ലാ ജോലികളും ചെയ്യുന്നത്, എന്നാണ് നിങ്ങൾ അവകാശപ്പെടുന്നത്. അപ്പോൾ സ്വാഭാവികമായും ദൈവത്തിന് മോശമായി തോന്നും! ഈ കർതൃത്വത്തിന്റെ ഇഗോയുടെ ഫലമായാണ് എല്ലാ വ്യസനങ്ങളും ഉണ്ടാകുന്നത്. വ്യസനിക്കുന്നവൻ അഹങ്കാരിയാണ്. ഒരാഴ്ചത്തേക്ക് എല്ലാം ദൈവത്തിന് വിട്ടുകൊടുത്ത് വ്യസനിക്കാതിരിക്കുക. പിന്നെ ഒരു ദിവസം എന്നെ വന്നു കാണുക. ഞാൻ നിങ്ങളെ ദൈവത്തെ അറിയാൻ സഹായിക്കാം. അപ്പോൾ എല്ലാ വ്യസനങ്ങളും എന്നന്നേക്കും ആയി ഇല്ലാതാവും.

## (3) വ്യസനങ്ങൾ ജ്വലിക്കുന്ന അഗ്നിയാണ്

നിങ്ങളിതെല്ലാം അറിയേണ്ടതുണ്ട്. പുറത്തു പുരട്ടാൻ മാത്രമുള്ള മരുന്ന് നിങ്ങൾ അകത്തേക്ക് കഴിച്ചാൽ എന്തു സംഭവിക്കും? അതാണ് ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ അവർക്ക് എന്തെങ്കിലും വ്യസനങ്ങൾ ഉണ്ടാകുമോ? ഹിന്ദുസ്ഥാനിൽ നിന്നുള്ള ഒരാൾക്ക് എങ്ങനെയാണ് വ്യസനങ്ങൾ ഉണ്ടാകുന്നത്? നിങ്ങൾ വ്യസനങ്ങൾ ആസ്വദിക്കാറുണ്ടോ?

**ചോദ്യകർത്താവ്:** ഇല്ല. എനിക്ക് സമാധാനം വേണം.

**ദാദാശ്രീ:** വ്യസനം ഒരു തീയാണ്. അത് സംഭവിക്കാൻ പോവുകയാണ്, ഇതു സംഭവിക്കും, അതു സംഭവിക്കും. വല്ലപ്പോഴുമാണ് നിങ്ങൾക്കു നല്ല മൂല്യങ്ങളുള്ള ഒരു വ്യക്തിയാവാൻ കഴിയുന്നത്. ആ സമയത്ത് നിങ്ങൾ വ്യസനങ്ങളിൽ മുഴുകിയാൽ, വലിയ ഒരവസരം വ്യർത്ഥമായി പോകും. ഇത് തിരിച്ചറിയാതിരിക്കുന്നത് കൊണ്ട് ഗൗരവമായ അനന്തര ഫലങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. നിങ്ങൾക്ക് സമാധാനം വേണമെങ്കിൽ, ഞാൻ നിങ്ങളുടെ വ്യസനങ്ങൾ എന്നന്നേക്കുമായി അവസാനിപ്പിച്ചു തരാം.

നിങ്ങളുടെ വ്യസനങ്ങൾ അവസാനിക്കുന്ന നിമിഷം മുതൽ മോക്ഷത്തിന്റെ മാർഗ്ഗം ആരംഭിക്കുന്നു. ജ്ഞാനി, എങ്ങനെ ദൈവ ദർശനം നടത്താമെന്ന് (ആത്മീയ അനുഭവം) നിങ്ങൾക്ക് കാണിച്ചു തരുന്നു. അതല്ലെങ്കിൽ, സാധ്യമല്ല. അതുവരെ വ്യസനങ്ങളുടെ തീ ജ്വലിച്ചുകൊണ്ടിരിക്കില്ലേ, മധുരക്കിഴങ്ങ് അതിന്റെ തൊലിക്കകത്ത് വേവുന്നതു പോലെ? വ്യസനിക്കുന്നവരുടെ എല്ലാം ജീവിതം അതുപോലെയാണ്.

## (4) ജ്ഞാനിയുടെ അനുഗ്രഹത്താൽ വ്യസനങ്ങളിൽ നിന്നും മോചനം

**ചോദ്യകർത്താവ്:** വ്യസനങ്ങളിൽ നിന്നും സ്വതന്ത്രനാവാൻ ഒരാൾ എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** നിങ്ങളെ പോലെ തന്നെ, ഈ മാന്യനും സമാധാനമന്വേഷിച്ച് ഇവിടെയൊക്കെ കുറെ അലഞ്ഞതാണ്. പക്ഷെ ഗുണമൊന്നുമുണ്ടായില്ല. അപ്പോൾ അദ്ദേഹം എന്തു ചെയ്തു? ചോദിച്ചു നോക്കൂ, ഇപ്പോൾ അദ്ദേഹത്തിന് എന്തെങ്കിലും വ്യസനങ്ങളുണ്ടോ എന്ന്. ആരെങ്കിലും കുറ്റം പറഞ്ഞാൽ അദ്ദേഹം അസ്വസ്ഥനാകുമോ എന്ന് ചോദിച്ചുനോക്കൂ.

**ചോദ്യകർത്താവ്:** വ്യസനങ്ങളില്ലാതാവാൻ ഞാനെന്തു ചെയ്യണം?

**ദാദാശ്രീ:** അതിന് നിങ്ങൾ ഒരു ജ്ഞാനീപുരുഷന്റെ അടുത്തു ചെന്ന് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങണം. അപ്പോൾ നിങ്ങളുടെ വ്യസനങ്ങൾ അവസാനിക്കും. നിങ്ങളുടെ നിത്യജീവിത പ്രവർത്തനങ്ങൾ ഐക്യത്തോടെ നീങ്ങുകയും ചെയ്യും.

## (5) വ്യസനങ്ങൾ അവസാനിക്കുമ്പോൾ പരമാനന്ദം പിന്തുടർന്നെത്തുന്നു

വ്യസനങ്ങളില്ലാതാവുമ്പോൾ, എല്ലാ കെട്ടുപാടുകളും നീങ്ങുന്നു. വ്യസനങ്ങളില്ലാതായാൽ, ബാഹ്യമായ എല്ലാ കോലാഹലങ്ങൾക്ക് ഇടക്കും, നിങ്ങൾ പരമാനന്ദം അനുഭവിക്കുന്നു. അപ്പോൾ നിങ്ങൾക്കു മനസ്സിലാക്കാം എല്ലാ ബന്ധനങ്ങളും നീങ്ങി എന്ന്.

**ചോദ്യകർത്താവ്:** ഒരാൾ ആഗ്രഹിച്ചാലും, അത്തരം പരമാനന്ദം വരില്ല.

**ദാദാശ്രീ:** അത് അങ്ങനെ അങ്ങ് വരികയില്ല. ജ്ഞാനീപുരുഷൻ നിങ്ങളുടെ തീരാ പ്രശ്നങ്ങളുടെയെല്ലാം കെട്ടറുക്കുമ്പോൾ, പരമാനന്ദം നില നില്ക്കുന്നു. വ്യസനങ്ങൾ ഒഴിഞ്ഞ് ഒരു ജീവിതം അഭിലഷണീയമാണ്, അല്ലേ?

**ചോദ്യകർത്താവ്:** അത് അത്ഭുതകരമായിരിക്കും.

**ദാദാശ്രീ:** ഞാൻ നിങ്ങളുടെ ജീവിതം വ്യസനരഹിതമാക്കിയാൽ, നിങ്ങൾക്കു പിന്നെ ഒരു വ്യസനവുമുണ്ടാവില്ല. നമ്മുടെ കാലഘട്ടത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നായിരിക്കും ഇത്. നമ്മുടെ കാലഘട്ടത്തിൽ സംഭവിക്കാൻ സാധ്യതയില്ലാത്ത ഒന്നാണ് ഇത്. എന്നിട്ടും അത് സംഭവിച്ചിരിക്കുന്നു. ഇല്ലേ?

## (6) നിങ്ങളാണ് ഭഗവാൻ -- പിന്നെ എന്തിനു വ്യസനിക്കുന്നു?

നിങ്ങളും പരമോന്നതനായ ആ ഭഗവാനാണ് എന്ന് നിങ്ങൾ അറിയുകയേ വേണ്ടൂ. നിങ്ങളാണ് ദൈവം, അപ്പോൾ പിന്നെ നിങ്ങളെന്തിന് വ്യസനിക്കണം? എന്തിനാണ് നിങ്ങൾ വ്യസനിക്കുന്നത്? ഒരു സെക്കൻഡു പോലും വ്യസനിക്കാൻ മാത്രമുള്ള ഒന്നും തന്നെ ഈ ലോകത്തിലില്ല. ഇപ്പോൾ നിങ്ങൾ ആ കുരുക്കുകളെ നേരിട്ട്, അവക്ക് ഒരു പരിഹാരം കണ്ടെത്തണം.

**ചോദ്യകർത്താവ്:** ഞങ്ങൾ പ്രതികൂല സാഹചര്യങ്ങളെ എതിർത്ത് മുന്നോട്ടു പോയാൽ, അത് ഇഗോ വർദ്ധിപ്പിക്കുമോ?

**ദാദാശ്രീ:** വ്യസനിക്കുന്നതിനേക്കാൾ എതിർക്കുന്നതാണ് നല്ലത്. എതിർപ്പിന്റെ ഇഗോ വ്യസനിക്കുന്നതിന്റെ ഇഗോയെക്കാൾ കുറവാണ്. ദൈവം പറഞ്ഞിരിക്കുന്നു, "പ്രതികൂലസാഹചര്യങ്ങളെ നേരിടുക, പരിഹാരങ്ങൾ അന്വേഷിക്കുക, എന്നാൽ വ്യസനിക്കരുത്" എന്ന്.

## (7) വ്യസനിക്കുന്നവർക്ക് ഇരട്ടി ശിക്ഷ

വ്യസനിക്കുന്നവർക്ക് രണ്ടു ശിക്ഷയാണെന്നും, അല്ലാത്തവർക്ക് ഒറ്റ ശിക്ഷയേ ഉള്ളൂ എന്നും ദൈവം പറഞ്ഞിരിക്കുന്നു. പതിനെട്ടുവയസ്സായ ഏക മകൻ മരിച്ചുപോയ വ്യക്തി വ്യസനിക്കുന്നു, ദുഃഖിക്കുന്നു, കരയുന്നു അല്ലെങ്കിൽ ജീവിതാശ നശിച്ചവനാകുന്നു. അപ്പോൾ അയാൾ രണ്ടു ശിക്ഷ ഏറ്റു വാങ്ങുകയാണ്. ഇതൊന്നും ചെയ്യാത്ത ആൾക്ക് ഒരൊറ്റ ശിക്ഷയേ ഉള്ളൂ. കുട്ടിയുടെ മരണം ഒരു ശിക്ഷയാണ്. അതിന്റെ പേരിൽ കരയുന്നതും വ്യസനിക്കുന്നതും അധികശിക്ഷയായി മാറുന്നു. ഞാൻ ഒരിക്കലും രണ്ടു ശിക്ഷയും സഹിക്കാറില്ല. അതുകൊണ്ടാണ് ഞാനീ ജനങ്ങളോട് പറയുന്നത്, ഒരു പോക്കറ്റടിക്കാരൻ അവരുടെ അയ്യായിരം രൂപ കൊണ്ടു പോയാൽ "വ്യവസ്ഥിതി" (Scientific Circumstantial Evidence) എന്നു മാത്രം പറഞ്ഞ് മുന്നോട്ടുപോകണമെന്ന്.

ആദ്യത്തെ ശിക്ഷ നിങ്ങളുടെ കഴിഞ്ഞ ജന്മത്തിലെ കർമ്മത്തിന്റെ ഫലമാണ്. അതുകൊണ്ട് വ്യസനിക്കരുത്. ഇതാണ് വ്യവസ്ഥിതി. ഇത് ശരിക്കും വ്യവസ്ഥിതി തന്നെയാണ്. എന്തു സംഭവിച്ചാലും, നിങ്ങൾ പറയേണ്ടതുണ്ട്, "സംഭവിച്ചതെല്ലാം ശരിയാണ്" (Whatever has happened is correct) എന്ന്.

## (8) ഒരു പ്രയത്നത്തെക്കുറിച്ച് വ്യസനിച്ചാൽ നിങ്ങളത് നശിപ്പിക്കുന്നു

കഠിനമായ ഒരു ജോലി പൂർത്തീകരിക്കാൻ കഠിനമായ പരിശ്രമം നടത്തണമെന്ന് പ്രകൃതി നമ്മോടു പറയുന്നു. എന്നാൽ അതിനെക്കുറിച്ച് വ്യസനിക്കരുത്. വ്യസനിച്ചാൽ, നിങ്ങളുടെ പ്രവൃത്തിക്ക് തിരിച്ചടി ആയിരിക്കും ലഭിക്കുക. വ്യസനിക്കുന്ന ആൾ നിയന്ത്രണം സ്വന്തം കയ്യിൽ ഏറ്റെടുക്കുന്നു. ''ഞാനാണ് ഇത് പ്രവർത്തിപ്പിക്കുന്നത്!' എന്നാണ് അയാളുടെ ഭാവം. അങ്ങനെ നിയന്ത്രണം എറ്റെടുക്കുന്നത് ശിക്ഷാർഹമാണ്.

ആത്മാവല്ലാത്തതിനെ (അനാത്മാവിനെ-ചിന്ത, വാക്ക്, പ്രവൃത്തി എന്നിവയുടെ മിശ്രം) ആശ്രയിക്കുന്നത് വ്യസനത്തിന് കാരണമാകുന്നു. വിദേശരാജ്യത്തെ (അനാത്മാവ്) സമ്പാദ്യം വിദേശത്തു തന്നെയിരിക്കും. നിങ്ങൾക്ക് ഈ കാറുകളും, വീടുകളും, ബിസിനസ്സും, ഭാര്യയേയും മക്കളെയുമൊക്കെ, ഈ ലോകം വിടുമ്പോൾ, ഇവിടെത്തന്നെ വിട്ടിട്ടു പോകേണ്ടി വരും. നിങ്ങളുടെ ജീവിതത്തിന്റെ ഈ അവസാന സ്റ്റേഷനിൽ, ആർക്കും ഒന്നും ചെയ്യാനുള്ള ശക്തിയുണ്ടാവില്ല. നിങ്ങൾക്ക് കൂടെ കൊണ്ടു പോകാൻ അനുവദനീയമായത് നിങ്ങളുടെ പാപങ്ങളും പുണ്യങ്ങളും മാത്രമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, നിങ്ങൾ ഇവിടെ ചെയ്ത പാപങ്ങളുടേയും പുണ്യങ്ങളുടേയും ഒരു പട്ടിക മാത്രം നിങ്ങളോടൊപ്പം വരും. ആ കുറ്റങ്ങളിൽ നിന്നും നേടിയ സമ്പാദ്യം ഇവിടെത്തന്നെ തുടരും, എന്നാൽ അതിന്റെ കേസ് അടുത്ത ജന്മത്തിലേക്കു നീളും. ഈ സഞ്ചിത കർമ്മത്തിന്റെ ഫലമായി

നിങ്ങൾക്കൊരു പുതിയ ശരീരം ലഭിക്കും. കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള കടങ്ങൾ വീട്ടാൻ നിങ്ങൾ എല്ലാം പുതുതായി തുടങ്ങേണ്ടി വരും. അതുകൊണ്ട്, എന്തുകൊണ്ട് തുടക്കത്തിൽ തന്നെ ഉണർന്നുകൂടാ? ആത്മാവിൽ, സ്വദേശത്ത്, അനന്തമായ ആനന്ദമുണ്ട്. കഷ്ടം! ഒരാൾ ഒരിക്കലും സ്വദേശം കണ്ടിട്ടില്ല.

## (9) സ്വീകരിക്കേണ്ട എക്കൗണ്ടുകൾ മൂലമുള്ള വ്യസനങ്ങൾ

രാത്രി എല്ലാവരും പറയുന്നു, "പതിനൊന്നുമണിയായി, ഉറങ്ങണം." ഒരു ശൈത്യകാല രാത്രിയിൽ, നിങ്ങൾ കൊതുക വലക്കടിയിൽ മൂടിപ്പുതച്ച് കിടക്കുന്നു. വീട്ടിലെല്ലാവരും ഉറങ്ങാൻ കിടന്നു. കൊതുകുവലക്കടിയിൽ കിടന്ന് നിങ്ങൾ ഓർക്കുന്നു, നിങ്ങൾക്ക് ആരിൽ നിന്നോ മൂവ്വായിരം രൂപ പിരിച്ചെടുക്കാനുണ്ടെന്ന്. അത് തിരിച്ച് കിട്ടേണ്ട ദിവസം കഴിഞ്ഞു പോയിരിക്കുന്നു. ഒരു പ്രോമിസറി നോട്ട് ഒപ്പിട്ടു വാങ്ങിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് നിങ്ങൾ ആഗ്രഹിച്ചു പോകുന്നു. രാത്രി മുഴുവനും നിങ്ങൾ അതിനെക്കുറിച്ച് വ്യസനിക്കുന്നു. ഈ രാത്രി നിങ്ങൾക്കത് ഒപ്പിട്ടു വാങ്ങാൻ കഴിയുമോ? അത് സാധ്യമാവില്ല, ഉവ്വോ? അതുകൊണ്ട് എന്തുകൊണ്ട് ശാന്തമായി ഉറങ്ങിക്കൂടാ?

## (10) വ്യസനങ്ങളുടെ മൂലകാരണമെന്താണ്?

അകത്തു നിന്നും നിങ്ങളെ തിന്നു തീർക്കുന്ന വ്യസനങ്ങൾ വ്യർത്ഥമാണ്. അത് നിങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാവുകയും നിങ്ങൾക്കു ലഭിക്കേണ്ടതിനെല്ലാം തടസ്സമായിത്തീരുകയും ചെയ്യും. അങ്ങനെയുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്നത് ശരിക്കും വ്യസനങ്ങൾ മൂലമാണ്. എതൊരു സാഹചര്യത്തിന്റേയും നല്ലതും ചീത്തയുമായ വശങ്ങൾ ചിന്തിക്കേണ്ടത് ആവശ്യമാണ്, പക്ഷെ വ്യസനിക്കാൻ കാരണമൊന്നുമില്ല. ഈ വ്യസനിക്കൽ അഹങ്കാരമാണ് (ഇഗോയിസം).

ഇഗോയിസം ഉണ്ടാവാൻ പാടില്ല. ‘‘ഞാൻ ആരൊക്കെയോ ആണ്, ഞാനാണ് കാര്യങ്ങൾ നടത്തുന്നത്’’ എന്നിങ്ങനെയുള്ള തോന്നലുകൾ മൂലമാണ് ഒരാൾ വ്യസനിക്കുന്നത്. ‘‘ഞാനുണ്ടെങ്കിലേ ഈ പ്രശ്നം

പരിഹരിക്കാനാവൂ' എന്നിങ്ങനെയുള്ള സങ്കല്പങ്ങൾ മൂലം ഒരാൾ വ്യസനിക്കേണ്ടി വരുന്നു. അതുകൊണ്ട് ഇഗോയിസം ഉള്ള ഭാഗം വേർപ്പെടുത്തേണ്ടതുണ്ട്. അതിനു ശേഷം അത്യാവശ്യവും അനാവശ്യവും ആയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിൽ അപാകതയില്ല. അങ്ങനെ അതു നിങ്ങളെ തിന്നു തീർക്കുകയില്ല. അല്ലെങ്കിൽ വ്യസനങ്ങൾ നിങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നശിപ്പിക്കും. ഒരാൾ വ്യസനിച്ചുകൊണ്ടിരിക്കുന്ന നേരത്ത്, അയാളുടെ കുട്ടി എന്തെങ്കിലും പറയാൻ വന്നാൽ, അയാൾക്ക് ദേഷ്യം വന്ന് കുട്ടിയെ ഉപദ്രവിച്ചേക്കാം. അതുകൊണ്ട് വ്യസനങ്ങൾ പല തരത്തിലും വിനാശകാരിയാണ്. ഒരാൾ പണക്കാരനായാലും അല്ലെങ്കിലും, ഒരാൾ നിങ്ങളോട് "നിങ്ങൾ എന്റെ എല്ലാം നശിപ്പിച്ചു" എന്നു പറയുക ആണെങ്കിൽ, അത് നിങ്ങൾക്ക് അവസാനിക്കാത്ത വ്യസനങ്ങളും ഉത്ക്കണ്ഠയും ഉണ്ടാക്കും. അങ്ങനെയുള്ളതാണ് ഒരാളുടെ ഇഗോ.നിങ്ങളങ്ങനെ എന്തെങ്കിലും ചെയ്താലും ഇല്ലെങ്കിലും ലോകം അങ്ങനെയുള്ള കാര്യങ്ങൾ പറയും.

## (11) വ്യസനങ്ങളുടെ ഫലങ്ങൾ എന്തൊക്കെയാണ്?

ഈ ലോകവ്യവഹാരത്തിൽ, ഇഗോ എപ്പോഴും ഒരു ഉപോൽപന്നമായി ഉണ്ടായിരിക്കും. ഇത്തരം ഇഗോ നൈസർഗ്ഗികമാണ്. നിങ്ങളുടെ ജീവിതം സാധാരണ നിലയിൽ നടത്തിക്കൊണ്ടു പോകാൻ അത്രയും ഇഗൊ മതിയാവും. പക്ഷെ പുതിയ ഇഗോയുടെ ഫാക്ടറികൾ തന്നെ തുറക്കപ്പെട്ടിരിക്കുന്നു. വ്യസനങ്ങൾക്ക് ഒരു അവസാനവുമില്ലാത്ത വിധം ഈ അമിതമായ ഇഗോ വിശാലമായിരിക്കുന്നു. ഇഗോ കൂടുതൽ കൂടുതലായി വർദ്ധിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. സ്വാഭാവികവും ആവശ്യത്തിനുള്ളതുമായ ഇഗോ കൊണ്ട് ഈ ലോകം ശരിയായി പ്രവർത്തിക്കുന്നതാണ്. എന്നാൽ വയസ്സന്റെ ഊതി വീർപ്പിച്ച ഇഗോ പറയുന്നു, "ഞാൻ വളരെയേറെ വ്യസനിച്ചു " എന്ന്. ഈ വ്യസനങ്ങളുടെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്? മൃഗരൂപം നിങ്ങൾക്ക് അടുത്ത ജന്മത്തിലേക്കായി കാത്തുവെച്ചിരിക്കുന്നു. അതുകൊണ്ട് സൂക്ഷിക്കുക. മനുഷ്യരൂപത്തിലായിരിക്കുന്ന സമയത്ത് നിങ്ങൾ വളരെ ശ്രദ്ധാലുക്കളായിരിക്കണം. ഇല്ലെങ്കിൽ, നിങ്ങൾ വ്യസനങ്ങൾ

തുടർന്നാൽ, നിങ്ങൾക്ക് മൃഗജീവിതത്തിന്റെ ഫലങ്ങളാവും ലഭിക്കുക.

## (12) യഥാർത്ഥ ഭക്തൻ ദൈവത്തെപ്പോലും വഴക്കു പറയും

ഒരു യഥാർത്ഥ ദൈവ ഭക്തൻ, വ്യസനമുണ്ടെങ്കിൽ, അവന്റെ ദൈവത്തെപ്പോലും വഴക്കു പറയും. "അങ്ങ് എപ്പോഴും വ്യസനിക്കേണ്ട എന്നു പറഞ്ഞിട്ടുണ്ട്, പിന്നെ എന്താണെനിക്ക് വ്യസനങ്ങൾ?" തന്റെ ദൈവത്തെ വഴക്കു പറയാത്തവൻ യഥാർത്ഥ ഭക്തനല്ല. നിങ്ങൾക്ക് ഉത്ക്കണ്ഠയുണ്ടാകുമ്പോൾ, നിങ്ങൾ വഴക്കു പറഞ്ഞ് നിങ്ങളുടെ മനഃസമാധാനം ഉള്ളിലുള്ള ദൈവത്തിനു നല്കണം. ഇതാണ് യഥാർത്ഥ ദൈവ സ്നേഹം. ഇന്നത്തെ കാലത്ത് ഒരു യഥാർത്ഥ ഭക്തനെ കണ്ടുമുട്ടാൻ പ്രയാസമാണ്. അവരെല്ലാം അവരുടെ സ്വാർത്ഥതാല്പര്യങ്ങളും കൊണ്ട് ചുറ്റിക്കറങ്ങുകയാണ്.

ഭഗവാൻ കൃഷ്ണൻ പറയുന്നു: "നിങ്ങളെന്തിനു വ്യസനിക്കുന്നു? നിങ്ങൾക്കു വേണ്ടതെല്ലാം കൃഷ്ണൻ ചെയ്യും" എന്ന്.

അപ്പോൾ ഈ ജനങ്ങൾ എന്തു മറുപടി പറയും? ഭഗവാൻ കൃഷ്ണന് അങ്ങനെ പറയാൻ കഴിയും. പക്ഷെ, ഒരാൾക്കെങ്ങനെ വ്യസനിക്കാതെ തന്റെ നിത്യ ജീവിതം നടത്താനാവും? അതുകൊണ്ട് ജനങ്ങൾ വ്യസനങ്ങളുടെ ഫാക്ടറികൾ തുറന്നിരിക്കുന്നു. ആ ഉല്പന്നങ്ങൾ വില്ക്കാൻ പോലും സാധിക്കില്ല. എങ്ങനെയാണ് അവ വില്ക്കുക? എവിടെയൊക്കെ അത് വിൽക്കാൻ ചെന്നാലും, അവർ മറ്റു ഫാക്ടറികളാണ് കണ്ടു മുട്ടുക. വ്യസനമില്ലാത്ത ഒരാളെ നിങ്ങൾ ഈ ലോകത്തിൽ എനിക്കു കാണിച്ചു തരൂ.

ചില ഭക്തർ പറയുന്നു, "ഞാൻ ഭഗവാൻ കൃഷ്ണന്റെ പാദ പത്മത്തിൽ ആണ്" എന്ന്. നിങ്ങൾ ഭഗവാൻ കൃഷ്ണന്റെ പാദത്തിൽ അഭയം തേടിയിരിക്കുന്നു എങ്കിൽ പിന്നെ എന്തിന് വ്യസനിക്കുന്നു? ഭഗവാൻ മഹാവീരൻ പോലും വ്യസനിക്കരുത് എന്ന് പറഞ്ഞിരിക്കുന്നു. വ്യസനിക്കുന്നതിന്റെ ഫലം മൃഗ രൂപത്തിലുള്ള ജന്മമാണ് എന്ന് അദ്ദേഹം

പറഞ്ഞിരിക്കുന്നു. വ്യസനമാണ് ഏറ്റവും ഉയർന്ന ഇഗോ. "ഞാനാണ് എല്ലാം നടത്തിക്കൊണ്ടു പോകുന്നത്" എന്ന നിരന്തര ബോധമുള്ളിടത്ത്, അതിന്റെ ഫലമായി വ്യസനങ്ങൾ ഉയർന്നു വരുന്നു.

## (13) എല്ലാ ദൈവങ്ങളും ഒരേ കാര്യമാണ് പറഞ്ഞിരിക്കുന്നത്

വ്യസനങ്ങൾ രൗദ്ര ധ്യാനത്തിന് കാരണം ആകുന്നു. കഴിഞ്ഞ ജന്മത്തിലെ കർമ്മങ്ങളിൽ നിന്നും കൊണ്ടു വന്നിട്ടുള്ള എല്ലാ സുഖങ്ങളിലൂടെയും ദുഃഖങ്ങളിലൂടേയും ഈ ശരീരത്തിന് കടന്നു പോകേണ്ടതുണ്ട്. അത് ഒഴിച്ചുകൂടാനാവാത്തതും മാറ്റാനാവാത്തതുമാണ്. അതുകൊണ്ട് ആരുടേയും തെറ്റുകൾ നോക്കരുത്. എല്ലാ ബന്ധനങ്ങളും നിങ്ങളുടെ സ്വന്തം തെറ്റു മൂലം ഉണ്ടാകുന്നതാണ്. ഈ ജീവിതത്തിൽ നിങ്ങൾക്ക് ഒന്നും തന്നെ മാറ്റാനാവില്ല.

കൃഷ്ണ ഭഗവാൻ പറഞ്ഞു, "എന്തിനു വ്യസനിക്കുന്നു, വേണ്ടതെല്ലാം കൃഷ്ണൻ ചെയ്തു തരും" എന്ന്. അപ്പോൾ ജൈനമതത്തിൽ പെട്ടവർ പറയുന്നു, അതു പറഞ്ഞിരിക്കുന്നത് കൃഷ്ണഭഗവാനാണ്, ഭഗവാൻ മഹാവീരനല്ലല്ലൊ. ഭഗവാൻ മഹാവീരൻ എന്താണ് പറഞ്ഞിരിക്കുന്നത്? നിങ്ങൾക്ക് നിങ്ങളുടെ കഴിഞ്ഞ ജന്മത്തിന്റെ ഫലം മാറ്റാനാവില്ല. ഏറ്റവും ചെറിയ അളവിൽ പോലും മാറ്റാനാവില്ല. ഞാനിത് എന്റെ അപരിമിതമായ അറിവിൽ കാണുന്നു. അതുകൊണ്ട് എല്ലാ നെഗറ്റീവ് ധ്യാനവും ഉപേക്ഷിക്കുക. പക്ഷെ ആരാണ് ഇന്നത്തെ കാലത്ത് ഭഗവാന്റെ വാക്കുകൾ ശ്രദ്ധിക്കുന്നത്?

ആഴത്തിലുള്ള പഠനത്തിൽ നിന്നും ഞാൻ മനസ്സിൽ ആക്കിയിരിക്കുന്നു, ഭഗവാൻ കൃഷ്ണൻ പറഞ്ഞിരിക്കുന്നതും ഭഗവാൻ മഹാവീരൻ പറഞ്ഞിരിക്കുന്നതും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്ന്. സഹജാനന്ദ സ്വാമി പറഞ്ഞതുപോലെ, "എന്റെ ആഗ്രഹമില്ലാതെ ഒരാൾക്കും ഒരു പുൽക്കൊടി പോലും പൊട്ടിക്കാനാവില്ല." അങ്ങില്ലാതെ ഒരു പുൽക്കൊടി പോലും പൊട്ടിക്കാനാവില്ല എന്നു പറയുന്നതുപോലെ തോന്നുന്നു. അപ്പോൾ നമുക്ക് ഒരേ കാര്യം പറയുന്ന മൂന്നു ദൈവങ്ങളുണ്ട്.

അതുകൊണ്ട് ഞാൻ പറഞ്ഞു, നമുക്കിനിയും മറ്റൊരാൾക്കു വേണ്ടി മുന്നോട്ടു നോക്കാം. സന്ത് കബീർ പോലും ഇതേ കാര്യം വ്യത്യസ്ത വാക്കുകളിൽ പറഞ്ഞിട്ടുണ്ട്.

അതെ, ഒരു പക്ഷെ ഒരാൾക്ക് തെറ്റിയേക്കാം. പക്ഷെ വീതരാഗികൾക്ക് (ബോധോദയം നേടിയിട്ടുള്ള മുക്തി നല്കാൻ കഴിവുള്ളവർ) തെറ്റു പറ്റുമെന്ന് നിങ്ങൾക്ക് പറയാനാവില്ല, എഴുതുന്ന ആൾ തെറ്റു വരുത്തുന്നില്ല എങ്കിൽ. വീതരാഗികൾ പറയുന്നത് തെറ്റാണെന്ന് ഞാനൊരിക്കലും വിശ്വസിക്കുകയില്ല. ആരൊക്കെ എന്നെ അങ്ങനെയല്ല എന്ന് എത്ര തന്നെ ബോധ്യപ്പെടുത്താൻ ശ്രമിച്ചാലും. ഞാൻ അവരിൽ ഒരിക്കലും തെറ്റു കണ്ടിട്ടില്ല. ഞാൻ ഒരു വൈഷ്ണവൻ ആയി ജനിച്ചതാണെങ്കിലും, ചെറുപ്പം മുതലേ, വീതരാഗികൾ തെറ്റാണെന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. അവരുടെ ജ്ഞാനത്തിന്റെ ശക്തി കൊണ്ട്, വെറുതെ അവരുടെ നാമം ജപിക്കുന്നതുകൊണ്ട് മാത്രം ഒരാൾക്ക് തന്റെ കാര്യം സഫലമാക്കാം. അതേ സമയം നമ്മുടെ അവസ്ഥ നോക്കു. നിങ്ങളെപ്പോഴെങ്കിലും ഒരു കടുകുമണി കണ്ടിട്ടുണ്ടോ? വീതരാഗികൾ പറഞ്ഞിരിക്കുന്നു, ഒരു കടുകുമണിയുടെ അത്രയും നിസ്സാരമായ മാറ്റം പോലും ഈ ജീവിതത്തിൽ സംഭവിക്കില്ല എന്ന്. പക്ഷെ, ഈ ആളുകളെ നോക്കു. അവർ ഉണർന്നിരുന്ന് അർധരാത്രിയിലെ എണ്ണ കത്തിക്കുന്നു! ഉണർന്നിരിക്കാൻ ശ്രമിച്ച് അവർ ശരീരത്തെ പീഢിപ്പിക്കുന്നു. അവസാനം ഹൃദയസ്തംഭനത്തിൽ അവസാനിക്കുന്നു.

## (14) ജീവിതത്തിൽ എന്തിനാണ് ഒരാൾ മൂല്യം കൊടുക്കേണ്ടത്?

വയസ്സായ ഒരു മാന്യൻ എന്റെ കാലു പിടിച്ച് വല്ലാതെ കരയാൻ തുടങ്ങി! എന്തിനാണ് ഇത്ര ദുഃഖിക്കുന്നതെന്ന് ഞാനയാളോട് ചോദിച്ചു. അയാൾ പറഞ്ഞു, “എന്റെ ആഭരണങ്ങൾ കളവു പോയി, കണ്ടു പിടിക്കാൻ പറ്റിയില്ല. എന്നാണ് എനിക്കവ തിരിച്ചുകിട്ടുക?” ഞാനയാളോടു ചോദിച്ചു, “ഈ ലോകം വിടുമ്പോൾ, നിങ്ങൾ ആ ആഭരണങ്ങൾ കൂടെ കൊണ്ടു പോകാൻ പോവുകയാണോ?” അയാൾ മറുപടി പറഞ്ഞു, “ഇല്ല. അവ എനിക്കു കൊണ്ടു പോകാൻ കഴിയില്ല. പക്ഷെ അവ കളവു പോയി. എന്നാണ് എനിക്കവ തിരിച്ചു കിട്ടുക?” ഞാനയാളോടു പറഞ്ഞു, “നിങ്ങൾ

പോയതിനു ശേഷം." നിങ്ങളുടെ ആഭരണങ്ങൾ കളവു പോയതിന് ഇത്രമാത്രം ഉത്ക്കണ്ഠപ്പെടേണ്ട കാര്യമുണ്ടോ? പോയ വസ്തുക്കളെക്കുറിച്ച് വ്യസനിക്കാൻ പാടില്ല. സമയം ശരി ആണെങ്കിൽ, ജനങ്ങൾ ഭാവിയെക്കുറിച്ച് ആളുകൾ വ്യസനിക്കുന്നത് മനസ്സിലാക്കാം. ബുദ്ധിയുള്ള ആർക്കും അത്തരം വ്യസനങ്ങൾ ഉണ്ടാവുകയും ചെയ്യും. പക്ഷെ കഴിഞ്ഞു പോയതിനെക്കുറിച്ച് വ്യസനിക്കുന്നതോ? ഭൂതകാലത്തു സംഭവിച്ച ഒരു കാര്യത്തെക്കുറിച്ച് വ്യസനിക്കുന്നത് എന്തിനാണ്? പരിഹാരമില്ലാത്ത കാര്യങ്ങളെക്കുറിച്ച് വ്യസനിച്ചിട്ടെന്താണ് കാര്യം? ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാം. ഇതിന് പരിഹാരമില്ല. അതുകൊണ്ട് വ്യസനിച്ചിട്ട് കാര്യമില്ല എന്ന്. ആ മാന്യൻ കരയുകയായിരുന്നു. ഞാനയാളെ രണ്ടു മിനിട്ടുകൊണ്ട് അതിൽ നിന്നും പിന്തിരിപ്പിച്ചു. പിന്നെ അയാൾ 'ദാദാ ഭഗവാന് നാ അസീം ജയ് ജയ് കാർ ഹോ!' (അകത്തിരിക്കുന്ന ഭഗവാന് അനന്തമായ മഹത്വമുണ്ടാവട്ടെ!) എന്നു പാടാൻ തുടങ്ങി. ഇന്നു രാവിലെയും ഞാനയാളെ ഭഗവാൻ കൃഷ്ണന്റെ ക്ഷേത്രത്തിൽ കണ്ടു. അയാൾ എന്നെ ഉറക്കെ വിളിച്ചു, 'ദാദാ ഭഗവാൻ!' ഞാൻ മറുപടി പറഞ്ഞു, 'അതെ, ഞാൻ തന്നെയാണ് അത്.' രാത്രി മുഴുവൻ അയാൾ എന്റെ നാമം ജപിച്ചു എന്നയാൾ പറഞ്ഞു. അയാൾ പെട്ടന്ന് കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ആളാണ്. നിങ്ങൾക്ക് എളുപ്പത്തിൽ അയാളെ മാറ്റാൻ കഴിയും.

**ചോദ്യകർത്താവ്:** അങ്ങ് എന്താണ് അദ്ദേഹത്തോട് പറഞ്ഞത്?

**ദാദാശ്രീ:** ഞാനയാളോടു പറഞ്ഞു, അയാൾക്ക് നഷ്ടപ്പെട്ട ആഭരണങ്ങൾ തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്ന്. എന്നാൽ മറ്റൊരു രീതിയിൽ അദ്ദേഹത്തിന് ആ ആഭരണങ്ങൾ ഉപഹാരമായി കിട്ടുമെന്ന്.

**ചോദ്യകർത്താവ്:** അദ്ദേഹത്തിന് അങ്ങയെ കണ്ടതു കൊണ്ട് ഏറ്റവും വലിയ രത്നം ലഭിച്ചു.

**ദാദാശ്രീ:** അതെ, അത് സ്വയം ഒരു അത്ഭുതമാണ്! പക്ഷെ എങ്ങനെയാണ് അദ്ദേഹം അത് തിരിച്ചറിയുക? അയാളുടെ മറ്റു രത്നങ്ങൾക്കൊപ്പം വെക്കുമ്പോൾ ഇതിന് അയാൾ ഒരു മൂല്യവും കാണില്ല!

അയാൾ ചായ കുടിക്കണമെന്ന് ആഗ്രഹിച്ചാൽ, "ഞാനിവിടെയുള്ളപ്പോൾ നിങ്ങൾക്കെന്തിനാണ് ചായ?" എന്നു ചോദിച്ചാൽ, അയാൾ പറയും, " നിങ്ങൾ ഇവിടെ ഉണ്ടായാലും ഇല്ലെങ്കിലും എനിക്കെന്റെ ചായ ഒഴിവ് ആക്കാൻ ആവില്ല!" എന്ന്. എന്തിലാണ് അയാൾ കൂടുതൽ പ്രാധാന്യം കല്പിക്കുന്നത്? അയാൾ ആഗ്രഹിക്കുന്നതിൽ.

## (15) ലോകത്തിലെ അതിഥിയുടെ സുഖസൗകര്യങ്ങൾ നോക്കൂ

ഈ ലോകത്തിലെ അമൂല്യമായ വസ്തുക്കൾ എല്ലാം എപ്പോഴും ചിലവില്ലാതെ ലഭിക്കുന്നതാണ്. അവ ഒരു ഗവൺമെന്റിന്റേയും നിയന്ത്രണത്തിലും നിയമത്തിൻ കീഴിലും കൊണ്ടു വരാൻ പറ്റാത്തവയാണ്. എന്തൊക്കെയാണ് ആ അമൂല്യ വസ്തുക്കൾ?

**ചോദ്യകർത്താവ്:** വായുവും വെള്ളവും.

**ദാദാശ്രീ:** വായു മാത്രം. വെള്ളമില്ല. വായുവിൽ ഗവൺമെന്റിന് ഒരു നിയന്ത്രണവുമില്ല. നിങ്ങൾക്കത് എവിടേയും കിട്ടും, നോക്കുന്നിടത്തും

പോകുന്നിടത്തുമെല്ലാം.നോക്കൂ, പ്രകൃതി നിങ്ങൾക്ക് എത്ര മാത്രം സംരക്ഷണമാണ് നല്കുന്നത്. നിങ്ങൾ പ്രകൃതിയുടെ ഒരു അതിഥിയാണ്. ഒരു അതിഥിയായിരിക്കെ, നിങ്ങൾ ആക്ഷേപങ്ങൾ പറയുകയും വ്യസനിക്കുകയും ചെയ്യുകയാണോ? പ്രകൃതി വിചാരിക്കും, ഇയാൾ എന്റെ ഒരു അതിഥിയാണെങ്കിലും, ഇയാൾക്കറിയില്ല എങ്ങനെ ഒരു അതിഥിയെപ്പോലെ ജീവിക്കണമെന്ന്. ആളുകൾ അടുക്കളയിൽ കയറി, ആതിഥേയയോട് സൂപ്പിൽ കൂടുതൽ ഉപ്പിടാൻ പറയുന്നു. എന്തൊരാളാണ് നിങ്ങൾ! വെറും അതിഥി ആയിരിക്കെ നിങ്ങൾക്ക് എങ്ങനെ ആതിഥേയന്റെ അടുക്കളയിൽ കയറാൻ ആവും? നിങ്ങൾക്ക് വിളമ്പിത്തരുന്നത് നിങ്ങൾ കഴിക്കണം. അതിഥികളായിരിക്കെ നമുക്കെങ്ങനെ അടുക്കളയിൽ കയറാനാവും? അപ്പോൾ അതിൽ ഏറ്റവും അമൂല്യമായ വായു ഫ്രീ. അടുത്തതെന്താണ്? അടുത്തത് വെള്ളമാണ്. അതിന് നിങ്ങൾ അല്പം കാശു കൊടുക്കേണ്ടി വരും. മൂന്നാമത് ഭക്ഷണം. അതിനും കാശു കൊടുക്കണം.

**ചോദ്യകർത്താവ്:** പ്രകാശം.

**ദാദാശ്രീ:** പ്രകാശം എപ്പോഴുമുണ്ട്! സൂര്യൻ എപ്പോഴും നിങ്ങളെ സേവിക്കാനുണ്ട്. എന്നും രാവിലെ അദ്ദേഹം സന്നിഹിതനാണ്.

## (16) ഒരിടത്തും വിശ്വാസമില്ല

ഈ ഇന്ത്യയിലെ ജനങ്ങൾക്ക് വളരെയധികം വ്യസനങ്ങളും ഉത്ക്കണ്ഠകളുമാണ്. സൂര്യൻ ഒരു ദിവസത്തേക്ക് അവധിയെടുത്ത് "ഇനി ഞാൻ അവധിയെടുക്കില്ല!" എന്നു പറഞ്ഞാൽ പോലും അടുത്ത ദിവസം ഈ ആളുകൾ, ഇനി നാം പകൽ വെളിച്ചം വീണ്ടും കാണുമോ എന്ന് സംശയിക്കാൻ തുടങ്ങും. അവർക്ക് പ്രകൃതിയെപ്പോലും വിശ്വാസമില്ല. അവർക്ക് അവരെത്തന്നെയോ, ദൈവത്തേയോ ഭാര്യമാരെയോ വിശ്വാസമില്ല. അവർ ഒന്നിനേയും വിശ്വസിക്കുന്നില്ല.

## (17) സ്വയം ക്ഷണിച്ചു വരുത്തിയ വ്യസനങ്ങൾ

അയൽക്കാർക്ക് എന്തൊക്കെയാണ് ഉള്ളത് എന്നു കണ്ടാൽ, ആളുകൾ വ്യസനിക്കാൻ തുടങ്ങും. നമ്മുടെ അയൽക്കാരന് കാറുണ്ട്, പക്ഷെ നമുക്കില്ല! നിങ്ങൾക്ക് ജീവിതത്തിൽ എത്രമാത്രം ആവശ്യങ്ങൾ ഉണ്ട്? നിങ്ങൾ അന്തിമമായി തീരുമാനിക്കണം, എന്തൊക്കെയാണ് നിങ്ങളുടെ ആവശ്യങ്ങളെന്ന്. ഉദാഹരണത്തിന്, വീട്ടിൽ തിന്നാനും കുടിക്കാനും ആവശ്യത്തിന് വേണം, ജീവിക്കാൻ ഒരു വീടു വേണം, പിന്നെ വീട്ടുകാര്യങ്ങൾ നടത്തിക്കൊണ്ടു പോകാൻ ആവശ്യത്തിന് പണം വേണം. അത്രയൊക്കെ നിങ്ങൾക്ക് തീർച്ചയായും കിട്ടും. പക്ഷെ, അയൽക്കാരന്റെ ബാങ്ക് എക്കൗണ്ടിൽ പതിനായിരം കണ്ടാൽ നിങ്ങൾക്ക് അസ്വസ്ഥത ആകുന്നു. ഇത്തരം കാര്യങ്ങൾ ആണ് ദുഃഖം ഉണ്ടാക്കുന്നത്. സ്വയം ദുഃഖം ക്ഷണിച്ചു വരുത്തുന്നവൻ വിഡ്ഢിയാണ്

## (18) ഇഗോ (അഹം) ആണ് ജീവിതത്തിന്റെ അടിസ്ഥാനം

ആളുകൾക്ക് ധാരാളം ധനമുണ്ടാകുമ്പോളാണ്, അവർക്ക് കഷ്ടപ്പാടും അസ്വസ്ഥതയും വ്യസനങ്ങളുമൊക്കെ ഉണ്ടാകുന്നത്. ഈ ജനങ്ങൾ വ്യസനിക്കുന്നു. അഹമ്മദാബാദിലെ ഫാക്ടറി ഉടമകളുടെ വിശദാംശങ്ങൾ ഞാൻ പറഞ്ഞാൽ, "ദൈവമെ, ഒരു ദിവസം പോലും അവരുടെ സ്ഥാനത്തെത്താൻ ഇട വരല്ലെ!" എന്നു നിങ്ങൾ പറയും. പകലും രാത്രിയുമൊക്കെ അവർ ചട്ടിയിൽ പൊരിക്കുന്ന മധുരക്കിഴങ്ങു പോലെ അവർ കഷ്ടപ്പെടുന്നു. "നിങ്ങൾ എന്തിനാണ് ജീവിക്കുന്നത്?" ഞാൻ അവരിൽ ഒരാളോട് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു, "അതെനിക്കു തന്നെ അറിയില്ല." അതുകൊണ്ട് ഞാനയാളോട് പറഞ്ഞു, അയാളുടെ നിലനില്പ് "ഞാൻ മറ്റെല്ലാവരേക്കാളും വലിയവൻ ആണ്" എന്ന വിശ്വാസത്തിൽ അടിസ്ഥിതമാണ് എന്ന്. ഇതിലൊരു സന്തോഷവുമില്ല!

## (19) നിങ്ങളുടെ മുന്നിലില്ലാത്തതിനെക്കുറിച്ച് വ്യസനിക്കരുത്

ഞാൻ അഹമ്മദാബാദിലെ അനേകം ഫാക്ടറി ഉടമകളെ, എന്നോടൊപ്പം ഭക്ഷണം കഴിക്കുമ്പോഴും, അവരുടെ ഫാക്ടറിയിലെ ബിസിനസ്സിൽ മുഴുകിയിരിക്കുന്നവരായി കണ്ടിട്ടുണ്ട്. അത്തരം ഒരാളുടെ ഭാര്യ, ഞങ്ങൾ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ, ഞങ്ങളുടെ അടുത്ത് വന്ന് ഇരുന്നു. അവർ പറഞ്ഞു, "എന്റെ ഭർത്താവ് ഒരിക്കലും സമാധാനത്തോടെ ഭക്ഷണം കഴിക്കുന്നില്ല." എന്താണ് കാരണമെന്നു ചോദിച്ചപ്പോൾ അയാൾ മറുപടി പറഞ്ഞു, "എന്റെ മനസ്സു മുഴുവൻ ബിസിനസ്സിലെ സങ്കീർണ്ണ പ്രശ്നങ്ങളാണ്" എന്ന്. അതുകൊണ്ട് ഞാനയാളോടു പറഞ്ഞു, "അങ്ങനെ ചെയ്യരുത്. മുന്നിൽ നിങ്ങളുടെ പ്ലേറ്റിരിക്കുമ്പോൾ, അത് ആസ്വദിക്കു. അവിടെ ഇല്ലാത്ത കാര്യങ്ങളെക്കുറിച്ച് അപ്പോൾ വ്യസനിക്കരുത്, നിങ്ങളുടെ മുന്നിൽ ഇപ്പോളിരിക്കുന്നത് എന്താണോ അത് ആസ്വദിക്കുക. വർത്തമാന കാലത്തിൽ ജീവിക്കുക."

അടുക്കളയിലായിരിക്കുമ്പോൾ, ബെഡ്റൂമിലാകാൻ പറ്റുമോ? ഒരു കാര്യം ചെയ്യുണ്ട സമയത്ത് നിങ്ങൾ മനസ്സുകൊണ്ട് മറ്റൊരിടത്തായാൽ

ശരിയാവുമോ?

**ചോദ്യകർത്താവ്:** ഞങ്ങൾ എല്ലായിടത്തും പോകും.

**ദാദാശ്രീ:** അവയെല്ലാം പല ഡിപ്പാർട്ട്മെന്റുകൾ ആണ്. അതുകൊണ്ട് നിങ്ങൾ ഒരു ഡിപ്പാർട്ട്മെന്റിലെ വ്യസനങ്ങൾ മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് കൊണ്ടു പോകരുത്. നിങ്ങൾ എവിടെയാണോ, ആ ഡിവിഷനിലെ ജോലികൾ ആദ്യം ചെയ്തു തീർക്കണം. നിങ്ങൾ ഭക്ഷണത്തിന്റെ ഡിവിഷനിലേക്കു കടക്കുമ്പോൾ, നിങ്ങൾ ഭക്ഷണം ആസ്വദിക്കണം, മറ്റു ഡിവിഷനുകളിലെ വ്യസനങ്ങൾ അവിടെ ഇട്ടിട്ടു പോരണം. നിങ്ങൾ ബെഡ്റൂമിൽ പോകുമ്പോൾ, അടുക്കളയിലെയോ ഓഫീസിലേയോ പ്രശ്നങ്ങൾ ആ ഡിപ്പാർട്ടുമെന്റുകളിൽ ഇട്ടിട്ടു പോരുക. മനുഷ്യർ ദുഃഖിക്കുന്നത് അവർക്ക് ഇത്തരം സംഘാടന രീതികൾ ഇല്ലാത്തതിനാൽ, നിത്യ ജീവിതത്തെ പല വിഭാഗങ്ങളായി തിരിക്കാൻ കഴിയാത്തതുകൊണ്ടാണ്. അയാൾ ഭക്ഷണം കഴിക്കുന്ന സമയത്ത്, തന്റെ സൂപ്പർവൈസർ ദേഷ്യപ്പെട്ടാൽ എന്തുചെയ്യുമെന്ന് ചിന്തിച്ച് വ്യസനിക്കുന്നു. വേണ്ടി വരുന്ന സമയത്ത് അത് കൈകാര്യം ചെയ്യുക. ഇപ്പോൾ ഭക്ഷണം ആസ്വദിക്കുക.

ദൈവം പറയുന്നത് എന്താണെന്നു വെച്ചാൽ, "നിങ്ങളുടെ കൈവശം ഇപ്പോഴുള്ളത് ആസ്വദിക്കുക. ഇപ്പോൾ ഇല്ലാത്തതിനെ കുറിച്ച് വ്യസനിക്കരുത്.' അതിന്റെ അർത്ഥം വർത്തമാന കാലത്തിൽ നിന്നുകൊണ്ട് നിങ്ങൾക്കുള്ളത് ആസ്വദിക്കുക എന്നാണ്.

## (20) എല്ലാ ഭൗതിക സൗകര്യങ്ങൾക്കുമിടയിൽ വ്യസനങ്ങൾ

**ചോദ്യകർത്താവ്:** എല്ലാ തരത്തിലുമുള്ള വ്യസനങ്ങളുമുണ്ട് മനസ്സിൽ.

**ദാദാശ്രീ:** ഭക്ഷണം കഴിക്കുമ്പോൾ പോലും വ്യസനങ്ങളുണ്ട്. ഒരു ഭാരമുള്ള മണി നിങ്ങളുടെ തലക്കു മുകളിൽ തൂങ്ങിക്കിടക്കുന്നതു പോലെയാണ് അത്. എപ്പോഴാണ് അത് പൊട്ടി തലയിൽ വീഴുക എന്ന ആശങ്കയിലാണ് നിങ്ങൾ. വ്യസനം കൊണ്ടും മാനസിക സമ്മർദ്ദം

കൊണ്ടും നിറഞ്ഞ ഈ ലോകത്തിൽ, വ്യവസ്ഥാപിത മാർഗ്ഗത്തിൽ സഞ്ചരിച്ച് എങ്ങനെ ലൗകിക സുഖങ്ങൾ, ഒരു ചിന്തയും കൂടാതെ ആസ്വദിക്കാനാവും എന്നത് ഒരു അത്ഭുതമാണ്. ഇതെങ്ങനെ സാധിക്കും? എന്നിരുന്നാലും ലജ്ജയൊട്ടും കൂടാതെ ആളുകൾ എല്ലാം ആസ്വദിച്ചുകൊണ്ടിരിക്കുന്നു. സംഭവിക്കാനുള്ളത് സംഭവിക്കും, പക്ഷെ ആസ്വദിക്കുക. നമുക്ക് ഈ ജീവിതം ജീവിക്കണം. ഈ ലോകത്തിൽ ആസ്വാദ്യകരമായി എന്തെങ്കിലുമുണ്ടോ?

വിദേശികളുടെ കാര്യം അങ്ങനെയല്ല. ഒരു രാജ്യത്തിലും ഇങ്ങനെയില്ല. ഇവിടെ മാത്രമാണ്. ഈ വ്യസനങ്ങളൊക്കെ, ഇന്ത്യക്കാരുടെ ബുദ്ധിയുടെ മൊത്ത വില്പനക്കുള്ള ഭാണ്ഡക്കെട്ടിന്റെ ആകത്തുകയാണ്. വ്യസനങ്ങളും മൊത്ത വില്പനക്ക് ലഭ്യമാണ്. അവരെല്ലാം വ്യസനങ്ങളുടെ ഫാക്ടറികളാണ്. അവർക്ക് തിരിക്കാൻ വലിയ ഫാനുകളുമുണ്ട്. അവർ വ്യസനിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ആ തണുപ്പിക്കുന്ന ഉപകരണത്തിന് അവർ എന്താണ് പറയുന്നത്?

**ചോദ്യകർത്താവ്:** എയർ കണ്ടീഷനർ.

**ദാദാശ്രീ:** അതെ എയർ കണ്ടീഷനർ. അതാണ് ഇന്ത്യയിലെ അത്ഭുതം.

**ചോദ്യകർത്താവ്:** ഇന്നത്തെ കാലത്ത് എല്ലാ വ്യസനങ്ങളും എയർ കണ്ടീഷൻ ചെയ്ത പരിസ്ഥിതിയുടെ സുഖ സൗകര്യങ്ങൾക്കകത്താണ്.

**ദാദാശ്രീ:** അതെ. അതുകൊണ്ട് അവയെല്ലാം ഒരുമിച്ചാണ്. വ്യസനങ്ങൾക്കൊപ്പം എയർ കണ്ടീഷനിങ്ങും. എനിക്ക് ഒരു എയർ കണ്ടീഷനിങ്ങും ആവശ്യമില്ല.

ഈ അമേരിക്കക്കാർ, അവരുടെ പെൺമക്കൾക്ക് ഒരു പ്രത്യേക പ്രായം എത്തിക്കഴിഞ്ഞാൽ പിന്നെ, അവരെക്കുറിച്ച് അത്യധികമായി വ്യസനിക്കാറില്ല. ഇന്ത്യക്കാർ അവരുടെ ഏഴ് തലമുറ വരെയുള്ള കുടുംബത്തെ വരെ ചിന്തിച്ച് വ്യസനിക്കും. ഇതിനെയാണ് ഞാൻ

ഹോൾസെയിൽ ബുദ്ധി എന്നും ഹോൾസെയിൽ വ്യസനങ്ങൾ എന്നും പറയുന്നത്. എല്ലാ കഷ്ടപ്പാടുകളും വിശ്വാസങ്ങൾ മൂലമാണ്. വിദേശികളും ഇന്ത്യക്കാരും തമ്മിൽ വിശ്വാസങ്ങളിൽ ഈ വ്യത്യാസമുണ്ട്.

## (21) നിങ്ങൾക്ക് ജീവിതം നീട്ടിക്കിട്ടിയിട്ടുണ്ടോ?

നിങ്ങൾ ഈ ലോകത്തിൽ വേറൊരു ഇരുന്നൂറു വർഷം കൂടി ജീവിക്കാൻ പോവുകയാണ്, അല്ലേ? നിങ്ങൾ എക്സ്റ്റെൻഷൻ എടുത്തിട്ടില്ലേ?

**ചോദ്യകർത്താവ്:** എങ്ങനെയാണ് ഒരാൾക്ക് എക്സ്റ്റെൻഷൻ കിട്ടുക? എന്തെങ്കിലും നമ്മുടെ നിയന്ത്രണത്തിലാണ് എന്ന് ഞാൻ വിചാരിക്കുന്നില്ല.

**ദാദാശ്രീ:** നിങ്ങൾക്ക് അത്രക്കും ഉറപ്പുണ്ട്. ജീവിതം ഒരാളുടെ നിയന്ത്രണത്തിൽ ആണെങ്കിൽ, അയാൾ ഒരിക്കലും മരിക്കില്ല. പക്ഷെ, ജീവിതം നിർബന്ധ പൂർവ്വം പറിച്ച് എടുക്കപ്പെടുന്നു. നീണ്ട ജീവിതത്തിനുള്ള എക്സ്റ്റെൻഷൻ ലഭിക്കില്ല എങ്കിൽ വ്യസനിക്കുന്നതിൽ എന്തർത്ഥമാണുള്ളത്? അതിനു പകരം, നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത് എന്തായാലും അത് സമാധാനപൂർവ്വം ആസ്വദിച്ചാലെന്താണ്?

## (22) മനുഷ്യപ്രകൃതി വ്യസനങ്ങൾ ക്ഷണിച്ചു വരുത്തുന്നു

വ്യസനങ്ങൾ ചെയ്യുന്ന ജോലി നശിപ്പിക്കുന്നു. വ്യസനങ്ങൾ നിങ്ങളുടെ ജോലിയുടെ ഗുണം നൂറു ശതമാനത്തിൽ നിന്നും എഴുപതു ശതമാനമായി കുറയ്ക്കുന്നു. വ്യസനങ്ങൾ ജോലിക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. വ്യസനങ്ങൾ ഒന്നും ഇല്ലെങ്കിൽ അന്തിമഫലം അത്ഭുതകരം ആയിരിക്കും .

എല്ലാവർക്കും അറിയാം, "നാം ഒരു ദിവസം മരിക്കാൻ പോവുകയാണ്" എന്ന്. മരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആളുകളെന്തു ചെയ്യും? അവരാ ചിന്തകളെ തള്ളി മാറ്റും. "എനിക്കെന്തെങ്കിലും

സംഭവിച്ചാലോ?" എന്നൊരു ചിന്ത ഒരാളുടെ മനസ്സിൽ പ്രവേശിച്ചാലുടനെ, അയാളത് തള്ളി നീക്കുന്നു. അതേ പോലെ വ്യസനങ്ങൾ വന്നാലും, നിങ്ങൾ പറയണം, "ഇവിടെ വേണ്ട" എന്ന്, എന്നിട്ടവയെ തള്ളി മാറ്റണം.

വ്യസനങ്ങൾ എപ്പോഴും കാര്യങ്ങൾ നശിപ്പിക്കുന്നു. ഒരു കാർ ഓടിക്കുന്ന സമയത്ത് നിങ്ങളുടെ ഡ്രൈവിങ്ങ് സ്കില്ലിനെക്കുറിച്ച് നിങ്ങൾ വ്യസനിച്ചാൽ, നിങ്ങൾ അപകടമുണ്ടാക്കിയേക്കാം. ബിസിനസ്സ് നടത്തുമ്പോൾ നിങ്ങൾ വ്യസനിച്ചാൽ, നിങ്ങൾ തെറ്റായ കാര്യങ്ങൾ ചെയ്യാനിട വരും. ഈ ലോകത്തിൽ എല്ലാം നശിക്കുന്നതിനുള്ള കാരണം വ്യസനങ്ങളാണ്.

ഈ ലോകത്തിൽ വ്യസനിക്കാൻ യോഗ്യമായി ഒന്നും തന്നെയില്ല. വ്യസനിക്കുന്നത് ഈ ലോകത്തിൽ "ഏറ്റവും നല്ല വിഡ്ഢിത്തം'' ആണ്. ഈ ലോകം വ്യസനിക്കാൻ ഉദ്ദേശിച്ചുള്ളതല്ല. മനുഷ്യർ മാത്രമാണ് വ്യസനിക്കുന്നത്. മറ്റൊരു ജീവികളും വ്യസനിക്കുന്നില്ല. കോടി കണക്കിനുള്ള മറ്റു ജീവജാലങ്ങൾ ഒന്നും വ്യസനിക്കുന്നില്ല. അമിത ബുദ്ധിശാലികളായ മനുഷ്യർ ദിവസം മുഴുവൻ വ്യസനിക്കുന്നു, വ്യസനങ്ങളുടെ തീച്ചൂളയിൽ വറുക്കപ്പെടുന്നു. വ്യസനം ശുദ്ധമായ അഹങ്കാരമല്ലാതെ (ഇഗോയിസം) മറ്റൊന്നുമല്ല.

**ചോദ്യകർത്താവ്:** ഇക്കാര്യത്തിൽ അവർ മൃഗങ്ങളേക്കാൾ മോശമാണ്. അല്ലേ?

**ദാദാശ്രീ:** മൃഗങ്ങൾ കൂടുതൽ മെച്ചമാണ്. അവരുടെ നന്മയെക്കുറിച്ച് വ്യസനിക്കാൻ അവർ അവരുടെ ബുദ്ധി ഉപയോഗിക്കുന്നില്ല. അവരുടെ നന്മയെ കുറിച്ച് വ്യസനിക്കാനായി അമിതമായി ബുദ്ധി ഉപയോഗിക്കുന്നവർ വളരെയേറെ കഷ്ടപ്പെടുന്നു. വളരെയേറെ ബുദ്ധിമുട്ടേണ്ടി വരുന്ന തരത്തിലുള്ളതാണ് ഇന്ത്യൻ ബുദ്ധി. വിദേശികൾ ഇത്രമാത്രം കഷ്ടപ്പെടുന്നില്ല.

തൊഴിലാളികൾക്ക് വ്യസനങ്ങളില്ല, പക്ഷെ അവരുടെ യജമാനന്മാർ വ്യസനിക്കുന്നു. ഒരു കൂലിപ്പണിക്കാരനും വ്യസനിക്കുന്നില്ല. ഇതിന്റെ

ഫലമായി തൊഴിലാളികൾക്ക് അടുത്ത ജന്മത്തിൽ ഉയർന്ന ജീവരൂപവും മുതലാളിമാർക്ക് താഴ്ന്ന ജീവരൂപവും ലഭിക്കും. അതുകൊണ്ട് വ്യസനങ്ങൾ ഒന്നും തന്നെ ഉണ്ടാവാൻ പാടില്ല. വ്യസനം താണ ജന്മത്തിനുള്ള കാരണമാണ്.

വ്യസനങ്ങൾ, വ്യസനങ്ങൾ, വ്യസനങ്ങൾ മാത്രം, വേറൊന്നുമില്ല. മധുരക്കിഴങ്ങ് അടുപ്പിൽ, അതിന്റെ തൊലിക്കകത്തിരുന്ന്, എല്ലാ വശത്തുനിന്നും വേവുന്നതുപോലെ, ലോകം മുഴുവനും പൊരിയുകയാണ്. എണ്ണയിൽ വേവുന്ന മീൻ പോലെ, പാവം മനുഷ്യൻ കിടന്നു മൊരിയുന്നു. ഇതിനെ നിങ്ങളെങ്ങനെ ജീവിതമെന്നു വിളിക്കും?

## (23) കർതൃത്വം മൂലമാണ് വ്യസനങ്ങൾ

**ചോദ്യകർത്താവ്:** വ്യസനിക്കാതിരിക്കാൻ ഉള്ള ബോധം നില നിർത്തുന്നത് മറ്റൊരു തരത്തിലുള്ള വ്യസനമല്ലെ?

**ദാദാശ്രീ:** അല്ല. വ്യസനം വെറും ഇഗോയിസമാണ്. ജനങ്ങൾക്ക് അവർ സ്വയം ആരാണെന്നറിയില്ല, അതോടൊപ്പം "ഞാനാണ് ചെയ്യുന്നവൻ" എന്ന ഇഗോയിസവും അവർക്കുണ്ട്. ഒരാൾക്ക് തന്റെ കുടലിന്റെ ചലനം പോലും നിയന്ത്രിക്കാനുള്ള ശക്തിയില്ല. എന്നിട്ടും "ഞാനാണ് എല്ലാം ചെയ്യുന്നവൻ" എന്ന് വാശി പിടിക്കുകയും ചെയ്യുന്നു.

വ്യസനം സ്വയം ഇഗോ ആണ്. എന്തുകൊണ്ടാണ് ഈ കുട്ടി വ്യസനിക്കാത്തത്? കാരണം അതിന് ഇതുവരെ അതിന്റെ തെറ്റായ ഇഗോയിസത്തെക്കുറിച്ച് ബോധം വന്നിട്ടില്ല. ആരാണ് ഈ ലോകം തിരിക്കുന്നത് എന്ന കാര്യത്തെക്കുറിച്ച് അവൻ ഒട്ടും വിഷമിക്കുന്നില്ല.

"ഞാനാണ് ചെയ്യുന്നത്, ഞാനാണ് ചെയ്യുന്നത്!" എന്നു പറഞ്ഞുകൊണ്ട് ചുറ്റിത്തിരിയുന്നതുകൊണ്ടാണ് ഒരാൾ വ്യസനിക്കുന്നത്.

## (24) വ്യസനമാണ് ഏറ്റവും ഉയർന്ന ഇഗോ

**ചോദ്യകർത്താവ്:** വ്യസനം ഇഗോയുടെ ലക്ഷണമാണ്. ദയവായി ഒന്ന് വിശദീകരിച്ചുതരുമോ?

**ദാദാശ്രീ:** എന്തു കൊണ്ടാണ് വ്യസനത്തെ ഇഗോയുടെ ലക്ഷണമാണ് എന്നു വിളിക്കുന്നത്? കാരണം, അവന്റെ മനസ്സിൽ അവനു തോന്നുന്നു, "ഞാനാണ് ഇതെല്ലാം ചെയ്യുന്നത്" എന്ന്. അതുകൊണ്ടാണ് അവന് വ്യസനങ്ങൾ. അവൻ വിശ്വസിക്കുന്നു, "ഞാനാണ് അതെല്ലാം സംഭവിപ്പിക്കുന്നത്" എന്ന്. അതുകൊണ്ട് അവൻ വ്യസനിക്കുന്നു "എന്റെ മകൾക്ക് എന്തു സംഭവിക്കും? എന്റെ മകന് എന്തു സംഭവിക്കും? ഈ പണി പൂർത്തിയായില്ലെങ്കിൽ എന്തു സംഭവിക്കും?" എന്നെല്ലാം. അവൻ എല്ലാം അവന്റെ തലയിലെടുക്കുന്നു. അവൻ വിചാരിക്കുന്നു ഞാനാണ് എല്ലാറ്റിന്റേയും അവകാശിയും കർത്താവും എന്ന്. എന്നാൽ വാസ്തവത്തിൽ അവനല്ല പ്രവൃത്തി ചെയ്യുന്നവൻ. എന്നിരുന്നാലും അവൻ വ്യസനങ്ങളുടെ ഭാരം ചുമക്കുന്നു.

അവന്റെ ലൗകിക വ്യവഹാരങ്ങളിൽ അവൻ നിരന്തരം വ്യസനിക്കുകയാണെങ്കിൽ, അവൻ ഇനിയും വളരെയേറെ ജന്മങ്ങളിലൂടെ കടന്നു പോകേണ്ടി വരും. വ്യസനങ്ങൾ പുതിയ ജീവിതങ്ങൾക്കുള്ള ബന്ധനം സൃഷ്ടിക്കുന്നതുകൊണ്ടാണ് ഇത്.

ഞാനീ വളരെ സൂക്ഷ്മവും എന്നാൽ പ്രധാനപ്പെട്ടതുമായ വസ്തുത ചുരുക്കിപ്പറയുകയാണ്. ഇന്നു വരെ, സ്വയം, സ്വന്തം വയറൊഴിയ്ക്കാൻ, സ്വതന്ത്രശക്തിയുള്ള ഒരു മനുഷ്യനും ഈ ലോകത്തിൽ ജനിച്ചിട്ടില്ല. പിന്നെ എന്തിനാണ് ഇത്ര ഇഗോയിസം? വേറെ ചില ശക്തികളും ഊർജ്ജവും ഈ ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ ശക്തി നിങ്ങളുടേതല്ല. അത് നിങ്ങളുടെ നിയന്ത്രണത്തിലുമല്ല. നിങ്ങളുടെ നിയന്ത്രണത്തിൽ എന്താണ് ഉള്ളത് എന്ന് നിങ്ങൾക്കറിയില്ല. നിങ്ങളുടെ സ്വന്തം ശക്തിയും കഴിവും എന്താണെന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ടാണ് നിങ്ങൾ മറ്റു ശക്തികളെ ആശ്രയിക്കുന്നത്. വാസ്തവത്തിൽ, നിങ്ങളും നിങ്ങളുടെ ജീവിതം മുഴുവനും നിങ്ങളുടെ നിയന്ത്രണത്തിന് അതീതമായ ശക്തികളെ ആശ്രയിച്ചാണിരിക്കുന്നത്.

# (25) നിങ്ങളുടെ മകളെ വിവാഹം കഴിച്ചുകൊടുക്കുന്നതിനെക്കുറിച്ച് വ്യസനം

ഇവിടെ, തങ്ങളുടെ പെൺ മക്കൾക്ക് മൂന്നു വയസ്സാവും പോൾ മുതൽ ആളുകൾ അവളുടെ വിവാഹത്തെ കുറിച്ച് വ്യസനിക്കാൻ തുടങ്ങുന്നു. ഇരുപതു വയസ്സാവാതെ അവളുടെ വിവാഹം നടക്കില്ലെങ്കിലും അവർ ഇപ്പോൾ തന്നെ വ്യസനിച്ചു തുടങ്ങുന്നു. എപ്പോൾ മുതലാണ് പെൺ മക്കളുടെ വിവാഹത്തെക്കുറിച്ച് വ്യസനിച്ചുതുടങ്ങേണ്ടത് എന്ന് വേദങ്ങളിൽ എന്തെങ്കിലും എഴുതി വെച്ചിട്ടുണ്ടോ? ഇരുപതു വയസ്സിലാണ് വിവാഹമെങ്കിൽ എപ്പോൾ മുതൽ നാം വ്യസനിക്കാൻ ആരംഭിക്കണം? അവൾക്ക് രണ്ടോ മൂന്നോ വയസ്സുള്ളപ്പോളോ?

**ചോദ്യകർത്താവ്:** മകൾക്ക് പതിന്നാലോ പതിനഞ്ചോ വയസ്സാവുമ്പോൾ മാതാപിതാക്കൾ അതിനെക്കുറിച്ച് ആലോചിക്കാൻ തുടങ്ങും.

**ദാദാശ്രീ:** ആ സമയത്തു പോലും ഇനിയും അഞ്ചുവർഷം കൂടി അവൾക്ക് മുന്നോട്ടു പോകണം. ഒരു പക്ഷെ അതിനിടക്ക് വ്യസനിക്കുന്ന ആൾ മരിച്ചുപോയി എന്നു വരാം. അതല്ലെങ്കിൽ ആർക്കു വേണ്ടിയാണോ വ്യസനിക്കുന്നത്, ആ ആൾ തന്നെ മരിച്ചുപോയി എന്നും വരാം. ആർക്കാണ് ഇതൊക്കെ പ്രവചിക്കാൻ കഴിയുക? എങ്ങനെ ഒരാൾക്ക് അഞ്ചുവർഷം മുന്നെ വ്യസനിക്കാനാവും?

മറ്റാളുകൾ അവരുടെ പെൺമക്കളെ കുറിച്ച് വ്യസനിക്കുന്നതു കാണുമ്പോഴാണ് അയാൾ വ്യസനിക്കാൻ തുടങ്ങുന്നത്. ഇന്ന ആൾ അയാളുടെ മകളെക്കുറിച്ച് വ്യസനിക്കുന്നു, എന്നിട്ടും ഞാൻ ഒന്നും ചെയ്യാതിരിക്കുന്നു! പിന്നെ നിരന്തമായ വ്യസനം കൊണ്ട് അയാൾ മത്തങ്ങ പോലെയാകുന്നു. പിന്നെ മകളുടെ കല്യാണ സമയമാകുമ്പോൾ, അയാളുടെ കൈവശം അഞ്ചു പൈസ പോലും കാണില്ല. വ്യസനിച്ചു കൊണ്ടിരിക്കുന്ന ആൾക്ക് എവിടന്നാണ് പണം കിട്ടുന്നത്?

"മകളുടെ വിവാഹത്തിന് എന്തെങ്കിലും തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോ?" എന്ന് ചുറ്റുമുള്ള ആളുകൾ നിങ്ങളുടെ മകളെക്കുറിച്ച് ചോദിക്കാൻ തുടങ്ങും പോൾ, നിങ്ങൾ വ്യസനിക്കാൻ തുടങ്ങിയാൽ മതി. അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാം സമയമായി എന്ന്. അപ്പോൾ മുതൽ ആവശ്യമായ പരിശ്രമം നടത്തുക. പക്ഷെ ഇവിടെ ഒരാൾ പതിനഞ്ചുവർഷം മുമ്പ് വ്യസനിക്കാൻ തുടങ്ങുന്നു! അയാൾ ഭാര്യയോടും പറയും "നമ്മുടെ മകൾ വളരുകയാണ്. അവളെ വിവാഹം ചെയ്തയക്കണ്ടേ?" എന്ന്.

## (26) വ്യസനിക്കുന്നതിനുള്ള തെറ്റായ സമയം

മകളുടെ വിവാഹത്തെക്കുറിച്ച് പതിനേഴ വർഷം മുമ്പ് വ്യസനിക്കാൻ തുടങ്ങുന്ന ആൾ എന്തുകൊണ്ട് മരണത്തെക്കുറിച്ച് വ്യസനിക്കുന്നില്ല? അതിന് അയാൾ പറയും, "വേണ്ട, അതിപ്പോൾ എന്നെ ഓർമ്മിപ്പിക്കണ്ട." എന്ന്. ഞാനയാളോട് ചോദിക്കുന്നു, "നിങ്ങളെ മരണത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിൽ എന്താണ് തെറ്റ്? എന്നെങ്കിലും ഒരിക്കൽ നിങ്ങൾ മരിക്കുകയില്ലേ?" അയാൾ മറുപടി പറഞ്ഞു, "പക്ഷെ, നിങ്ങൾ മരണത്തെക്കുറിച്ച് ഓർമ്മിപ്പിച്ചാൽ, ഇന്നത്തെ സന്തോഷം നഷ്ടപ്പെടും. ജീവിതം കയ്പുള്ളതാവും." അപ്പോൾ പിന്നെ നിങ്ങളെന്തിനാണ് നിങ്ങളുടെ മകളുടെ വിവാഹത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ടിരിക്കുന്നത്? അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ജീവിത തൃഷ്ണ നഷ്ടമാവുന്നില്ലേ? നിങ്ങളുടെ മകൾ അവളുടെ കഴിഞ്ഞ ജന്മത്തിൽ നിന്നും അവളുടെ വിവാഹത്തിനുള്ളതെല്ലാം കൊണ്ടു വന്നിട്ടുണ്ട്. മാതാപിതാക്കൾ ഇതിൽ വെറും നിമിത്തങ്ങൾ മാത്രമാണ്. ഈ പെൺകുട്ടി അവളുടെ വിവാഹത്തിന് ആവശ്യമായതെല്ലാം അവളോടൊപ്പം കൊണ്ടുവന്നിട്ടുണ്ട്. അവളുടെ വിവാഹത്തിന് നിങ്ങൾ ചിലവാക്കുന്ന പണം പോലും അവളോടൊപ്പം വന്നിട്ടുള്ളതാണ്.

നിങ്ങൾ നിങ്ങളുടെ മകൾക്കുവേണ്ടി വ്യസനിക്കേണ്ടതില്ല. അവളെ പോറ്റി വളർത്താനാണ് നിങ്ങൾ. അവസാനം, അവൾ വിവാഹം കഴിക്കാൻ പോകുന്ന വരനെ പോലും അവൾ കൊണ്ടു വന്നിട്ടുണ്ട്. നമ്മുടെ മകൾക്കുവേണ്ടി ഒരു ആൺകുട്ടിയെ പ്രസവിക്കാൻ നമുക്ക് ആരോടും

ആവശ്യപ്പെടേണ്ടതില്ല. "ഞങ്ങൾക്ക് ഒരു മകളുണ്ട്. അതുകൊണ്ട് നിങ്ങൾ ദയവായി ഒരു ആൺകുട്ടിയെ പ്രസവിക്കുമോ?" അങ്ങനെയാണോ നിങ്ങൾ ആളുകളോട് പറയാൻ പോകുന്നത്? അപ്പോൾ, അവൾ അവൾക്കു വേണ്ട സാധനങ്ങളെല്ലാം ഒരുക്കിക്കൊണ്ടു തന്നെയാണ് വന്നിരിക്കുന്നത്. എന്നാലും ആ പിതാവ് രാവും പകലും ഇപ്പോഴും അസ്വസ്ഥനായിക്കൊണ്ടിരിക്കുന്നു, "അവൾക്ക് ഇരുപത്തഞ്ചു വയസ്സായി. ഇനിയും അവളുടെ വിവാഹം കഴിഞ്ഞിട്ടില്ല." ഇരുപത്തേഴ വയസ്സായ ഒരു യുവാവ് അവിടെയിരിക്കുമ്പോൾ നിങ്ങളെന്തിനു ആക്ഷേപം പറഞ്ഞു കൊണ്ടിരിക്കുന്നു? നിങ്ങൾക്ക് ശരിക്കറിഞ്ഞുകൂടാ അവനെ എവിടെയാണ് തിരയേണ്ടത് എന്നു മാത്രം. നിങ്ങൾക്ക് ശാന്തമായി ഉറങ്ങാൻ നോക്കിക്കൂടെ? നിങ്ങളുടെ മകൾ അവളുടെ വിവാഹത്തിനുള്ള സമയം പോലും കൊണ്ടു വന്നിട്ടുണ്ട്.

നിങ്ങളുടെ നിയന്ത്രണത്തിലല്ലാത്തതൊന്നും സൃഷ്ടിക്കരുത്. നിങ്ങളുടെ കഴിഞ്ഞ ജന്മത്തിൽ, നിങ്ങൾ വിട്ടു പോന്ന രണ്ടോ മൂന്നോ പെൺകുട്ടികളെക്കുറിച്ചോ ആൺകുട്ടികളെ കുറിച്ചോ നിങ്ങൾ എപ്പോഴെങ്കിലും വ്യസനിക്കുന്നുണ്ടോ? എന്തു കൊണ്ടില്ല? നിങ്ങളുടെ മരണസമയത്ത്, നിങ്ങളുടെ ഇളയ മകൾക്ക് എന്ത് സംഭവിക്കുമോ ആവോ എന്ന് അങ്ങേയറ്റം വ്യസനിക്കുകയായിരുന്നു നിങ്ങൾ. നിങ്ങളിവിടെ പുതിയതായി ജനിച്ചപ്പോൾ, നിങ്ങളുടെ പഴയ ജന്മത്തെക്കുറിച്ച് നിങ്ങൾ വ്യസനിച്ചോ? കഴിഞ്ഞ ജന്മത്തിൽ നിന്നും കത്തുകളോ സന്ദേശങ്ങളോ വന്നോ? ഇതൊക്കെ നിങ്ങളുടെ നിയന്ത്രണത്തിന് അപ്പുറത്താണ്. അതുകൊണ്ട് തടസ്സങ്ങൾ ഉണ്ടാക്കരുത്. സംഭവിക്കുന്നത് എല്ലാം വ്യവസ്ഥിതിക്ക് അനുസരിച്ചാണ്. അതുകൊണ്ട് സംഭവിക്കുന്നത് സംഭവിക്കട്ടെ. സംഭവിക്കാതിരിക്കുന്നത് സംഭവിക്കാതിരിക്കട്ടെ.

## (27) വ്യസനിക്കുന്നതിനു പകരം മതത്തിലേക്കു തിരിയൂ

**ചോദ്യകർത്താവ്:** ഏറ്റവും കൂടുതൽ വ്യസനിക്കാനിടയുള്ള കുടുംബനാഥൻ എങ്ങനെയാണ് അതിൽ നിന്നും പിന്തിരിയുക?

**ദാദാശ്രീ:** ഭഗവാൻ കൃഷ്ണൻ എന്താണ് പറഞ്ഞത്: "മനുഷ്യാ, എന്തിനാണു നീ വ്യസനിക്കുന്നത്, നിനക്കു വേണ്ടതെല്ലാം കൃഷ്ണൻ ചെയ്യും." നിങ്ങളത് വായിച്ചിട്ടില്ലേ? പിന്നെ വ്യസനിക്കുന്നതിന് എന്താണർത്ഥം? പിന്നെ എന്തിനാണ് നിങ്ങൾ നിങ്ങളുടെ കുട്ടികളെക്കുറിച്ച് വ്യസനിക്കുന്നത്? അവരെ മതത്തിലേക്ക് നയിച്ചുകൂടെ? അവർക്ക് ഉയർന്ന സദാചാരമൂല്യങ്ങളുണ്ടാവും.

ധാരാളം ആളുകൾ തുടർച്ചയായി ബിസിനസ്സിനെക്കുറിച്ച് വ്യസനിക്കുന്നു. എന്തുകൊണ്ടാണ് അവർ വ്യസനിക്കുന്നത്? "ഞാനാണ് ചെയ്യുന്ന ആൾ'' എന്ന് അവർ മനസ്സിൽ കരുതുന്നു. അതുകൊണ്ടാണ് അവർ വ്യസനിക്കുന്നത്. യഥാർത്ഥത്തിൽ ചെയ്യുന്ന ആളിൽ നിന്നും ഒരല്പം സഹായം പോലും ആരും എടുക്കുന്നില്ല. ജ്ഞാനത്തിൽ നിന്നുള്ള തിരിച്ചറിവില്ലെങ്കിലും സാരമില്ല. എന്നാലും മറ്റെന്തെങ്കിലും തരത്തിലുള്ള അല്പം സഹായമെങ്കിലും തേടേണ്ടതാണ്. നിങ്ങളല്ല എന്തെങ്കിലും ചെയ്യുന്നതെന്ന്, ഒരു തരത്തിലല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിൽ, നിങ്ങൾ അനുഭവിച്ചിട്ടുണ്ട്. വ്യസനമാണ് ഏറ്റവും വലിയ ഇഗോയിസം.

## (28) ആരാണ് ഏറ്റവും അധികം വ്യസനിക്കുന്നത്?

**ചോദ്യകർത്താവ്:** ആവശ്യത്തിന് ഭക്ഷണം ലഭിക്കാത്തവർ, "നാളെ എന്തു സംഭവിക്കും? നാളെ എന്താണ് നാം കഴിക്കുക?" എന്നൊക്കെ വ്യസനിക്കാറുണ്ട്.

**ദാദാശ്രീ:** ഇല്ലില്ല. അമിതമായുള്ളതിനെക്കുറിച്ചാണ് ആളുകൾ വ്യസനിക്കുന്നത്. ഒരാൾക്കും ഭക്ഷണത്തെക്കുറിച്ച് വ്യസനമില്ല. അവർ സമൃദ്ധിയായുള്ളതിനെക്കുറിച്ച് മാത്രമാണ് വ്യസനിക്കുന്നത്. പ്രകൃതി ഒരുക്കിയിരിക്കുന്നതനുസരിച്ച്, സമൃദ്ധമായുള്ളതിനെക്കുറിച്ചു മാത്രമാണ് വ്യസനം. എവിടെ വളരുന്നതായാലും, ചെറിയ ചെടികൾക്ക് പ്രകൃതി വെള്ളം തെളിച്ചുകൊടുക്കുന്നു. അത്രക്ക് കൃത്യമായ ക്രമവും ക്രമീകരണവും നിലനിൽക്കുന്നുണ്ട്. ഇതാണ് ലോകത്തിന്റെ റെഗുലേറ്റർ. അത് സ്ഥിരമായി ലോകത്തെ നടത്തിക്കൊണ്ടു പോകുന്നു. ഇതു വെറും കേട്ടുകേൾവിയല്ല. അതുകൊണ്ട് വ്യസനം ഭക്ഷണത്തെക്കുറിച്ചല്ല,

ആവശ്യത്തിലധികം ഉള്ളതിനെക്കുറിച്ചാണ്.

**ചോദ്യകർത്താവ്:** എന്തെങ്കിലും തരത്തിലുള്ള വ്യസനങ്ങളുള്ള സമ്പന്നരായ ആളുകളെ മാത്രമെ അങ്ങ് കണ്ടിട്ടുള്ളു എന്നു തോന്നുന്നു. കുറവുകളുള്ളവരെ അങ്ങ് കണ്ടിട്ടില്ല എന്നു തോന്നുന്നു.

**ദാദാശ്രീ:** ഇല്ല, അതങ്ങനെയല്ല. ഞാൻ കുറവുകളുള്ള ധാരാളം ആളുകളെ കണ്ടിട്ടുണ്ട്. എന്നാൽ അവർക്കൊന്നും വ്യസനങ്ങളില്ല. "എനിക്കിന്ന് ഇത്ര വീട്ടിലേക്കു കൊണ്ടു വരണം" എന്ന് ചെറിയ അളവിൽ ഒരു തോന്നൽ അവരുടെ മനസ്സിലുണ്ടാവും. അത് അവർ ചെയ്യുകയും ചെയ്യും. അവർ വ്യസനിക്കുന്നില്ല. അത് അവർ ദൈവത്തിനു വിടുന്നു: "ദൈവത്തിനു ഇഷ്ടമായത് എനിക്കും തൃപ്തികരമാണ്" എന്ന് ചിന്തിച്ച് അവർ കാര്യങ്ങൾ മുന്നോട്ടു നീങ്ങാൻ അനുവദിക്കുന്നു. എന്നാൽ ആവശ്യത്തിലധികമുള്ളവർക്ക് ദൈവമല്ല, അവർ തന്നെയാണ് എല്ലാം സ്വയം ചെയ്യുന്നത്. കർതൃത്വ ബോധം വ്യസനങ്ങൾക്കും കഷ്ടപ്പാടുകൾക്കും കാരണമാകുന്നു.

## (29) സമ്പത്തിനും വ്യസനത്തിനും ഒന്നിച്ചിരിക്കാനാവുമോ?

**ചോദ്യകർത്താവ്:** അങ്ങനെയാണെങ്കിൽ ആരും കാശു സമ്പാദിക്കാൻ നോക്കുകയില്ല, വ്യസനിക്കുകയുമില്ല.

**ദാദാശ്രീ:** ഇല്ല, ജോലിക്കു പോകുന്നതു പോലും അവന്റെ നിയന്ത്രണത്തിലല്ല. അവരെല്ലാം കറങ്ങുന്ന പമ്പരങ്ങളാണ്. അവരെല്ലാം പ്രകൃതി തിരിക്കുന്ന രീതിയിൽ തിരിയുന്നു. എന്നിട്ട് "ഞാൻ ജോലിക്ക് പോയി'' അഹത്തെ ഉറപ്പിച്ചുകൊണ്ട് പറയുകയും ചെയ്യും. പിന്നെ അവർ അനാവശ്യമായി വ്യസനിക്കുകയും ചെയ്യും. വ്യസനിക്കുന്ന അവന് എവിടന്നാണ് അവന്റെ പണം കിട്ടുന്നത്? സമ്പത്തിനു പിറകിൽ പ്രകൃതിയുടെ നിയമമെന്താണ്? സന്തോഷപൂർണ്ണമായ കുടുംബത്തിൽ ധനം നിൽക്കുന്നു. വ്യസനിക്കുന്നവരെ വിട്ട് ധനം പോകുന്നു. സമാധാനത്തിലിരിക്കുകയും സംതൃപ്തിയോടെ ദൈവത്തെ ഓർക്കുകയും

ചെയ്യുന്നവന്റെ വീട്ടിൽ ധനം കര കവിയുന്നു.

## (30) വ്യസനം മൂലം ബിസിനസ്സിന്റെ അന്ത്യം

**ചോദ്യകർത്താവ്:** ഞാനെന്റെ ബിസിനസ്സിനെക്കുറിച്ച് വ്യസനിക്കുന്നു. എന്റെ ബിസിനസ്സിന് ധാരാളം ബുദ്ധിമുട്ടുകളുണ്ട്.

**ദാദാശ്രീ:** വ്യസനങ്ങൾ ആരംഭിച്ചാൽ, അറിഞ്ഞോളൂ, കാര്യങ്ങൾ മോശമാവാൻ പോവുകയാണ്. വ്യസനിക്കുന്നില്ലെങ്കിൽ, മനസ്സിലാക്കാം, ജോലി നന്നായി അവസാനിക്കും. ഏതൊരു ജോലിക്കും വ്യസനം ഒരു തടസ്സമാണ്. വ്യസനങ്ങൾ ബിസിനസ്സിനെ കൊല ചെയ്യുന്നു. ഉയർന്നു വരുന്നതിനേയും താണു പോകുന്നതിനേയുമാണ് ബിസിനസ്സ് എന്നു വിളിക്കുന്നത്. അത് നിറഞ്ഞ്-ഒഴിയുന്നതാണ് (പൂരൻ-ഗലൻ --- input-output). എവിടെയാണോ നിറയുന്നത് (പൂരൻ - input) അത് ഒഴിയാനും (ഗലൻ - output) ബാധ്യസ്ഥമാണ്. നമ്മുടെ ഒരു സമ്പത്തും സ്ഥിരമല്ല. ആത്മാവിന്റെ സമ്പത്ത് കണ്ടെത്തേണ്ടതാണ്. അതിന് ഉയർച്ച-താഴ്ചകളില്ല. നമ്മുടെ യഥാർത്ഥ സമ്പത്ത് (ആത്മാവ്) സ്ഥിരമാണ്. അത് കൂടുകയും കുറയുകയുമില്ല. ലോകവ്യവഹാരം കൃത്യമാണ്. നിങ്ങളുടെ വീട്ടിൽ, മക്കളും മരുമക്കളുമെല്ലാം പങ്കാളികളാണ്, അല്ലേ?

**ചോദ്യകർത്താവ്:** അവർ സന്തോഷവും ദുഃഖവും പങ്കുവെക്കുന്നു.

**ദാദാശ്രീ:** നിങ്ങൾ, നിങ്ങളുടെ ഭാര്യയുടേയും മക്കളുടേയും സംരക്ഷകനായി കണക്കാക്കപ്പെടുന്നു. എന്തുകൊണ്ട് ഗാർഡിയൻ മാത്രം വ്യസനിക്കുന്നു? വീട്ടിലുള്ളവർ നിങ്ങളോടു പറയും, അവരെക്കുറിച്ച് വ്യസനിക്കണ്ടെന്ന്. വ്യസനിക്കുന്നതുകൊണ്ട് നിങ്ങൾക്ക് എന്തെങ്കിലും നേട്ടമുണ്ടോ?

**ചോദ്യകർത്താവ്:** ഇല്ല, ഒന്നുമില്ല.

**ദാദാശ്രീ:** വ്യസനം കൊണ്ട് നേടാനായി ഒന്നുമില്ല. പിന്നെ എന്തിനാണ് ഒരാൾ അത്തരം ഒരു ബിസിനസ്സ് നടത്തുന്നത്? വ്യസനം

കൊണ്ട് എന്തെങ്കിലും നേട്ടമുണ്ടെങ്കിൽ, നിങ്ങൾ വ്യസനിക്കേണ്ടതാണ്.

## (31) തിരിച്ചറിവിലൂടെ വ്യസനം ഇല്ലാതാകുന്നു

ബിസിനസ്സ് ചെയ്യാൻ, നിങ്ങൾ നല്ല ധൈര്യശാലിയായിരിക്കണം. ധൈര്യം നഷ്ടപ്പെട്ടാൽ, നിങ്ങളുടെ ബിസിനസ്സും പരാജയപ്പെടും.

ഒരിക്കൽ ഞങ്ങളുടെ ബിസിനസ്സ് നഷ്ടത്തിലായി. അത് ജ്ഞാനം ലഭിക്കുന്നതിന് മുമ്പായിരുന്നു. അക്കാലത്ത്, ഞാൻ വ്യസനിച്ചു കൊണ്ടേയിരുന്നു. രാത്രി മുഴുവൻ അസ്വസ്ഥനായിരുന്നു. പിന്നെ എനിക്ക് അകത്തു നിന്നും ഉത്തരം ലഭിച്ചു. ഈ നിമിഷം നഷ്ടത്തിന്റെ പേരിൽ ആരൊക്കെയാണ് വ്യസനിക്കുന്നത്? എനിക്കു തോന്നി, എന്റെ പങ്കാളി വ്യസനിക്കുന്നുണ്ടാവില്ല എന്ന്. ഞാൻ മാത്രമാണ് വ്യസനിക്കുന്നത് എന്ന് ഞാൻ കണ്ടെത്തി. എന്റെ ഭാര്യയും മക്കളുമെല്ലാം പാർട്ടനേഴ്സും ഷെയറുള്ളവരും ആണെങ്കിലും, എന്താണ് സംഭവിക്കുന്നതെന്ന് അവർക്കൊന്നുമറിയില്ല. അവർ ഒന്നും അറിയുന്നു പോലുമില്ല, എന്നിട്ടും കാര്യങ്ങളെല്ലാം അവർക്ക് നന്നായി നടന്നു പോകുന്നു. ഞാൻ മാത്രമാണ് വ്യസനിക്കുന്ന വിഡ്ഢി. പങ്കാളികളായ മറ്റുള്ളവർ, വ്യസനമൊന്നും ഇല്ലാതിരിക്കുമ്പോൾ, ഞാൻ മാത്രം എന്തിനു വ്യസനങ്ങളുടെ എല്ലാ ഭാരവും ചുമക്കണം?

## (32) ആലോചിക്കു, പക്ഷെ വ്യസനിക്കരുത്

എന്നാൽ, എന്താണു വ്യസനം? ഒരു ചിന്ത, ഒരു പ്രത്യേക തലത്തിനപ്പുറം കടന്നാൽ അതിനെ വ്യസനമെന്നു വിളിക്കുന്നു. ഒരു പ്രത്യേക തലം വരെ ചിന്ത ആവശ്യമാണ്. അത് അതിന്റെ പരിധി കടക്കാൻ പാടില്ല. എന്താണ് ആവശ്യത്തിനുള്ള ചിന്ത? അത് നിങ്ങളെ ദുഃഖത്തിൽ ആഴ്ത്താത്തിടത്തോളം അത് നോർമൽ ആണ്. അതിനപ്പുറം കടന്ന് നിങ്ങളെ എന്തു ചെയ്യണമെന്ന് അറിയാത്തവരും, വിഷമം അനുഭവിക്കുന്നവരും ആക്കുമ്പോൾ, നിങ്ങൾ നിർത്തണം. പരിധി എത്തിയാൽ, അത് വ്യസനമായി മാറുന്നു. ഇതാണ് ഞാൻ കണ്ടുപിടിച്ചത്.

ഒരാൾക്ക് വ്യസനിക്കാനുള്ള അവകാശമില്ല. ഒരാൾക്ക് ചിന്തിക്കാനവകാശമുണ്ട്. പക്ഷെ അത് വ്യസനമായി മാറുമ്പോൾ, നിർത്തണം. നോർമലിനു മുകളിലുള്ള ചിന്തയാണ് വ്യസനം. ഞാനും ചിന്തിക്കുന്നുണ്ട്. എന്നാൽ നോർമലിനു മുകളിലെത്തി കൂടുൽ ഇളക്കി മറിക്കാൻ തുടങ്ങുമ്പോൾ ഞാൻ നിർത്തുന്നു.

**ചോദ്യകർത്താവ്:** സാധാരണ ഗതിയിൽ, നമുക്ക് ആന്തരികമായി നിരീക്ഷണം നടത്താൻ കഴിയുന്ന അവസ്ഥയിൽ, അതൊരു ചിന്തയാണ്. പക്ഷെ അത് വ്യസനമാവുമ്പോൾ, അതൊരു കുരുക്കായി കണക്കാക്കാമോ?

**ദാദാശ്രീ:** നിങ്ങൾ വ്യസനിക്കുമ്പോൾ, അതാണ് കുരുക്ക്. വ്യസനങ്ങൾ ഉയരാൻ കാരണം "ഞാനാണ് എല്ലാം ചെയ്യുന്നത് " എന്ന് ഒരാൾ വിശ്വസിക്കുന്നതുകൊണ്ടാണ്. അതാണ് അയാളുടെ വിശ്വാസം. ഞാനാണ് ഇതെല്ലാം ചെയ്യുന്നത് എന്നാണ് വ്യസനത്തിന്റെ അർത്ഥം. ഇത് എല്ലാ മനുഷ്യരേയും പിടികൂടിയിരിക്കുന്ന മഹാമാരിയാണ്. അത് പെട്ടന്ന് ശുദ്ധീകരിക്കാനാവില്ല. ഒരിക്കൽ ഒരു ശീലം ഉറച്ചു കഴിഞ്ഞാൽ അത് വിട്ടുപോവുകയില്ല.

ലളിതമായി പറഞ്ഞാൽ, വ്യസനിക്കണമെന്നത് നിങ്ങളുടെ താല്പര്യമല്ല. വാസ്തവത്തിൽ കാര്യങ്ങൾ അങ്ങനെ സംഭവിച്ചു പോകുന്നു.

**ചോദ്യകർത്താവ്:** ഞങ്ങൾ ഒരു വട്ടം അങ്ങയുടെ അടുത്തു വന്നാൽ അതു വിട്ടു പോകും.

**ദാദാശ്രീ:** ഉവ്വ്, അത് വിട്ടു പോകും. പക്ഷെ, അത് സാവധാനമേ സംഭവിക്കൂ. പെട്ടന്ന് അത് സംഭവിക്കുകയില്ല.

## (33) നിങ്ങളുടെ നിയന്ത്രണത്തിലല്ലാത്തവയിൽ മുഴുകുന്നത് വ്യസനത്തിന് കാരണമാകുന്നു

നിങ്ങൾക്ക് അത് എങ്ങനെ ആണ്? നിങ്ങൾ ആകെ ഞെരുങ്ങി പോകാറുണ്ടോ? നിങ്ങൾ എപ്പോൾ എങ്കിലും വ്യസനിക്കുമോ?

**ചോദ്യകർത്താവ്:** എന്റെ മൂത്ത മകളുടെ വിവാഹക്കാര്യം ശരിയായി വരുന്നില്ല. അതെന്നെ വല്ലാതെ വ്യസനിപ്പിക്കുന്നു.

**ദാദാശ്രീ:** അത് നിങ്ങളുടെ നിയന്ത്രണത്തിൽ ആണെങ്കിൽ, വ്യസനങ്ങളുമായി മുന്നേറുക. ഈ കാര്യം നിങ്ങളുടെ നിയന്ത്രണത്തിലാണോ?

**ചോദ്യകർത്താവ്:** അല്ല.

**ദാദാശ്രീ:** ആരാണ് എല്ലാം നിയന്ത്രിക്കുന്നത് എന്നറിയാതെ നാം വ്യസനിക്കുമ്പോൾ, അത് എന്തിനോട് സമമായിരിക്കും? നാം പത്തുപേർ ഒരു കുതിരവണ്ടിയിൽ ഇരിക്കുന്നു എന്നു കരുതുക. വണ്ടി എങ്ങനെ ഓടിക്കണമെന്ന് നാമെല്ലാവരും വണ്ടിക്കാരനോട് ഉച്ചത്തിൽ വിളിച്ചു പറയാൻ തുടങ്ങിയാൽ, എന്തു സംഭവിക്കും? നിങ്ങൾക്ക് വെറുതെയിരുന്ന് വണ്ടിക്കാരൻ വണ്ടി ഓടിക്കുന്നത് നിരീക്ഷിച്ചാലെന്താണ്? "ആരാണ് ഡ്രൈവർ". എന്ന് അറിഞ്ഞാൽ നമുക്ക് ഒരു വ്യസനവും ഉണ്ടാവില്ല. അതേപോലെ ആരാണ് ലോകം നടത്തിക്കൊണ്ടു പോകുന്നത് എന്നറിഞ്ഞാൽ, നിങ്ങൾക്കൊരു വ്യസനവുമുണ്ടാവില്ല. നിങ്ങൾ രാത്രിയും പകലും വ്യസനിക്കാറുണ്ടോ? എത്ര കാലം നിങ്ങൾ വ്യസനിച്ചു കൊണ്ട് ഇരിക്കും? എന്നാണ് അതവസാനിക്കുക? എന്നോടു പറയൂ.

നിങ്ങളുടെ മകൾ, അവളുടെ ഈ ജീവിതത്തിലേക്കുള്ള സംഭവങ്ങൾ, കഴിഞ്ഞ ജന്മത്തിൽ നിന്നും കൊണ്ടു വന്നിട്ടുണ്ട്. അതേ പോലെ, നിങ്ങളും നിങ്ങളുടെ ജീവിതം കൊണ്ടു വന്നിരിക്കുന്നു. ശരിയായ സമയത്ത് അവളുടെ വിവാഹം നടക്കും. അല്പം ക്ഷമിക്കു. ജ്ഞാനികളുടെ പാതയിലാണ് നിങ്ങൾ. ഈ മാർഗ്ഗത്തിൽ എല്ലാ വ്യസനങ്ങളും വിരുദ്ധ ധ്യാനമാണ്, അത് വിപരീത ഫലം ചെയ്യും.

**ചോദ്യകർത്താവ്:** അതങ്ങനെയല്ല, നൈസർഗ്ഗികമായ ഒരു ആകാംക്ഷ മാത്രം.

**ദാദാശ്രീ:** ആ നൈസർഗ്ഗികമായ ആകാംക്ഷ പോലും വിരുദ്ധ ധ്യാനമാണ്. നമുക്കുള്ളിൽ, നാം സ്വയം വേദനയേല്പിക്കുകയാണ്. നിങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കുന്നില്ല എന്നതു ശരിയാണ്. പക്ഷെ, നിങ്ങൾ സ്വയം നിങ്ങളെ വേദനിപ്പിക്കുന്നു.

## (34) വ്യസനങ്ങൾ തടസ്സ കർമ്മങ്ങൾ ബന്ധിക്കുന്നു

വ്യസനങ്ങളിലൂടെ നിങ്ങൾ തടസ്സ കർമ്മങ്ങൾ ബന്ധിക്കുന്നു. അത് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന ജോലി ദീർഘിപ്പിക്കും. നിങ്ങളുടെ മകൾക്ക് പറ്റിയ ഒരു ആൺകുട്ടി ഇന്ന സ്ഥലത്തുണ്ട് എന്ന് ആരെങ്കിലും പറഞ്ഞാൽ, അവനേയും അവന്റെ മാതാപിതാക്കളേയും കാണാൻ നിങ്ങൾക്ക് ഒരു പരിശ്രമം നടത്താം. പക്ഷെ നിങ്ങൾ അതിനെക്കുറിച്ച് വ്യസനിക്കേണ്ട കാര്യമില്ല. വ്യസനിക്കാതിരിക്കാൻ ദൈവം നിങ്ങളോടു പറയുന്നു. വ്യസനങ്ങൾ കൂടുതൽ തടസ്സങ്ങൾക്ക് കാരണമാകുന്നു. വീതരാഗ ഭഗവാൻ ചോദിച്ചിട്ടുണ്ട്, "നിങ്ങളാണോ ഈ ലോകം പരിപാലിക്കുന്നത്? നിങ്ങൾ വ്യസനിക്കുന്നതുകൊണ്ട് നിങ്ങളാണ് അവകാശി" എന്ന്. നിങ്ങൾ ശരിക്കും പരിശോധിക്കുകയാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ വയറൊഴിക്കാൻ പോലുമുള്ള സ്വതന്ത്രമായ ശക്തിയില്ല എന്നു മനസ്സിലാവും. ഗൗരവമായ മലബന്ധം വന്നാൽ നിങ്ങൾക്ക് ഡോക്ടറെ വിളിക്കേണ്ടി വരും. അതു വരെ നിങ്ങൾക്കു തോന്നും എല്ലാം നിങ്ങളുടെ നിയന്ത്രണത്തിലാണെന്ന്. എന്നാൽ ആ ശക്തി നിങ്ങളുടേയല്ല. നിങ്ങൾക്കറിയില്ലേ, ആരുടേതാണ് ആ ശക്തിയെന്ന്?

ആരാണിതൊക്കെ നടത്തുന്നത്? നടത്തുന്ന ആരെങ്കിലുമുണ്ടോ, അതോ നിങ്ങളാണോ നടത്തുന്നത്?

## (35) ശാസ്ത്രീയ സാഹചര്യത്തെളിവുകൾ (Scientific Circumstantial Evidences)

ആരാണ് പ്രവൃത്തി ചെയ്യുന്ന ആൾ? സാഹചര്യങ്ങളാണ് "പ്രവൃത്തി ചെയ്യുന്ന ആൾ". ഈ ശാസ്ത്രീയ സാഹചര്യത്തെളിവുകളെല്ലാം ഒന്നിച്ചു

ചേരുകയും ഒരു സംഭവം നടക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിയന്ത്രണം നമ്മുടെ കൈകളിലല്ല. നാം വെറുതെ സാഹചര്യങ്ങൾ എന്താണ് എന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കണം. സാഹചര്യങ്ങൾ ഒത്തു ചേർന്നാൽ കാര്യം പൂർത്തിയാകുന്നു. മാർച്ച് മാസത്തിൽ മഴ പ്രതീക്ഷിക്കുന്നത് തെറ്റാണ്. ജൂൺ 15-ന് (ഇന്ത്യയിൽ മൺസൂൺ മഴക്ക് സമയമാകുമ്പോൾ) സാഹചര്യങ്ങൾ ഒത്തു വരുന്നു. സമയമാകുന്ന സാഹചര്യം ഒത്തു വന്നാലും മഴമേഘമാകുന്ന സാഹചര്യം ഒത്തു വന്നില്ലെങ്കിൽ മഴ പെയ്യുന്നത് എങ്ങനെയാണ്? മേഘങ്ങളുണ്ടെങ്കിൽ, സമയം ശരിയാണെങ്കിൽ, മിന്നലും മറ്റു സാഹചര്യങ്ങളും ഒത്തു വരുന്നു. അപ്പോൾ മഴ പെയ്യും. എല്ലാ സാഹചര്യങ്ങളും ഒത്തു വരണം. മനുഷ്യൻ സാഹചര്യങ്ങളാൽ ആശ്രിതനാണ്. എന്നാൽ അവന്റെ വിശ്വാസം "ഞാൻ എന്തൊക്കെയോ ചെയ്യുന്നു" എന്നാണ്. അവൻ "എന്തു ചെയ്യുന്നു" എന്ന ഭാഗവും സാഹചര്യങ്ങളെ ആശ്രയിച്ച് ഇരിക്കുന്നു. ഈ സാഹചര്യങ്ങളിൽ ഏതെങ്കിലും ഒന്ന് കുറവായിരുന്നാൽ, അവന് ആ പ്രത്യേകമായ ജോലി ചെയ്യാനാവില്ല.

## (36) "ഞാനാരാണ്?" എന്നറിയുന്നതാണ് അന്തിമ പരിഹാരം

അവൻ വാസ്തവത്തിൽ ആരാണ് എന്ന് ഒരാൾ അറിയേണ്ടതുണ്ട്. നമ്മുടെ "യഥാർത്ഥമായ" ആത്മാവിനു വേണ്ടി ചെയ്യുന്ന എല്ലാ പ്രവൃത്തികളും നമ്മുടെ അടുത്ത ജന്മത്തിലേക്ക് നമ്മോടൊപ്പം വരും. നമ്മുടെ ലോകത്തിലെ പേരിനു കീഴിൽ ചെയ്യുന്ന എല്ലാ പ്രവൃത്തികളും, നാമീ ലോകം വിടുമ്പോൾ, ഇവിടെത്തന്നെ തുടരും. നിങ്ങളീ ലോകം വിടുമ്പോൾ, നിങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്നറിയേണ്ടത് അത്യാവശ്യമാണെന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? നിങ്ങൾ വാസ്തവത്തിൽ ആരാണ്? ചുരുങ്ങിയത് ഒരു കാര്യമെങ്കിലും നിങ്ങൾ അറിയണ്ടേ? "ഞാനാരാണ്?" എന്ന നിങ്ങളുടെ നിങ്ങളോടുള്ള ചോദ്യത്തിന്, ഇവിടെ പരിഹാരം നല്കാൻ എനിക്കു കഴിയും. എന്റെ കയ്യിൽ എല്ലാ ഉത്തരങ്ങളുമുണ്ട്. പിന്നെ നിങ്ങൾക്ക് ഒരിക്കലും ഒരു വ്യസനവും ഉണ്ടാവില്ല. നിങ്ങൾക്ക് വ്യസനങ്ങൾ ഇഷ്ടമാണോ? നിങ്ങളെന്താണ് വ്യസനങ്ങൾ ഇഷ്ടപ്പെടാത്തത്?

അനന്തകാലമായി, ഈ ശരീരികളായ ആത്മാക്കൾ, അനന്തമായ ജീവ രൂപങ്ങളായി അലഞ്ഞു കൊണ്ടിരിക്കുകയാണ്. വല്ലപ്പോഴും ഒരിക്കൽ മാത്രമെ, നിങ്ങളെ സ്വതന്ത്രമാക്കാൻ കഴിയുന്ന, ജ്ഞാന പ്രകാശം നേടിയ, ജ്ഞാനി പുരുഷനെ നിങ്ങൾക്ക് കണ്ടുമുട്ടാൻ കഴിയൂ.

## (37) സമ്മർദ്ദവും വ്യസനങ്ങളും തമ്മിൽ വ്യത്യാസമുണ്ട്

**ചോദ്യകർത്താവ്:** ഈഗോ വ്യസനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു എന്നത് എങ്ങനെയാണ്?

**ദാദാശ്രീ:** ഒന്നും അയാളില്ലാതെ നടക്കുകയില്ല എന്ന് ഒരാൾക്ക് തോന്നുന്നതുകൊണ്ടാണ് അത്: "ഞാനാണ് ഇതെല്ലാം ചെയ്യുന്നത്. ഞാനതു ചെയ്തില്ലെങ്കിൽ ഒന്നും നടക്കില്ല. രാവിലെ എന്തു സംഭവിക്കും? " ഇങ്ങനെയാണ് അവൻ വ്യസനിക്കുന്നത്. ഇങ്ങനെയാണ് ഇഗോ എല്ലാ വ്യസനങ്ങളുടെയും മൂലകാരണമാകുന്നത്.

**ചോദ്യകർത്താവ്:** വ്യസനത്തിന്റെ നിർവ്വചനം എന്താണ്?

**ദാദാശ്രീ:** ഒരു സാഹചര്യത്തേയോ ഒരു പ്രശ്നത്തേയോ, എല്ലാമായി ചിന്തിച്ചു കൊണ്ടിരിക്കുന്നതാണ് വ്യസനം. ഭാര്യക്ക് അസുഖമായാൽ, അവൾ അവന്റെ ജീവിതത്തിൽ എല്ലാമാണെങ്കിൽ, തന്റെ സ്വത്തുകളെക്കാൾ എല്ലാം അവൾ പ്രധാനപ്പെട്ടതാണെങ്കിൽ, അപ്പോൾ വ്യസനം പിടി കൂടുന്നു. എല്ലാറ്റിനെക്കാളും അവൾ അയാൾക്ക് പ്രധാനപ്പെട്ടതാണ്. അപ്പോൾ വ്യസനം പിടിപെടുന്നു. അതിനു പകരം, പണമാണ് അയാൾക്ക് എല്ലാമെങ്കിൽ, ഭാര്യക്ക് അസുഖമായാൽ, അയാൾക്ക് സമ്മർദ്ദം അനുഭവപ്പെടുന്നു, വ്യസനമല്ല. "ആത്മാവ്" മറ്റെന്തിനേക്കാളും എല്ലാമായ ആൾക്ക്, വ്യസനിക്കാൻ എന്താണുള്ളത്?

**ചോദ്യകർത്താവ്:** എന്താണ് സമ്മർദ്ദം (tension)? വ്യസനം എന്താണെന്ന് എനിക്കു മനസ്സിലായി. സമ്മർദ്ദം എന്താണെന്ന് ദയവായി വിശദീകരിച്ചു തരു.

**ദാദാശ്രീ:** സമ്മർദ്ദം അതേ പോലെ തന്നെയാണ്. പക്ഷെ ശരിക്കും വ്യസനം പോലെയല്ല. സമ്മർദ്ദത്തിൽ പല ഭാഗത്തു നിന്നുള്ള തള്ളൽ അനുഭവപ്പെടുന്നു. എന്നാൽ വ്യസനത്തിൽ, ഒരേയൊരു പ്രശ്നം അതാണ് എല്ലാമെന്നു കരുതി നിങ്ങൾ അതിൽ തന്നെ മുഴുകുന്നു. സമ്മർദ്ദത്തിന് ഉദാഹരണം: "ഈ ജോലി ശരിയായില്ലെങ്കിൽ എന്തു സംഭവിക്കും? ഇവിടെ എന്റെ ഭാര്യ അസുഖമായി കിടക്കുന്നു. അവൾക്ക് എന്തു സംഭവിക്കും? കുട്ടികൾ ശരിയായി സ്കൂളിൽ പോകുന്നില്ല. അവർക്കെന്തു സംഭവിക്കും?" ഇങ്ങനെയുള്ള പിടിവലികളാണ് സമ്മർദ്ദത്തിൽ. നൈസർഗ്ഗികമായി ഉണ്ടായ ആത്മജ്ഞാനത്തിനു ശേഷം, കഴിഞ്ഞ ഇരുപത്തിയേഴ വർഷമായി എനിക്ക് സമ്മർദ്ദമൊന്നുമുണ്ടായിട്ടില്ല.

ശ്രദ്ധയോടെയ് ഇരിക്കുക എന്നതും വ്യസനിക്കുന്നതും തമ്മിൽ ധാരാളം വ്യത്യാസങ്ങൾ ഉണ്ട്. ശ്രദ്ധ എന്നത് ബോധത്തോടെ ഇരിക്കലാണ്. വ്യസനങ്ങൾ നിങ്ങളെ ഉള്ളിൽ നിന്നും തിന്നു തീർക്കുന്ന ഉത്കണ്ഠകളാണ്.

## (38) സ്വാഭാവികത (Normality) സ്വതന്ത്രമാക്കുന്നു

**ചോദ്യകർത്താവ്:** ആശ്രിതത്വവും വ്യസനവും ഒന്നാണോ?

**ദാദാശ്രീ:** വ്യസനം എന്നത് ആവശ്യത്തിൽ അധികമായ ഈഗോയിസമാണ്. ആശ്രിതത്വം ഈഗോ അല്ല. ആശ്രിതത്വം നിസ്സഹായതയാണ്. അതേ സമയം വ്യസനം ആവശ്യത്തിൽ അധികമായ അഹങ്കാരമാണ്. ആവശ്യത്തിൽ അധികമായ ഈഗോയിസം ഉള്ളതു കൊണ്ടാണ് നിങ്ങൾക്കു വ്യസനം. അല്ലെങ്കിൽ നിങ്ങൾക്ക് വ്യസനങ്ങൾ ഒന്നും ഉണ്ടാവില്ല. ഈ വീട്ടിൽ രാത്രി ഉറങ്ങാൻ കഴിയാത്തതാർക്കാണ്? ഏറ്റവും അധികം ഈഗോയുള്ള ആൾക്കാണ് എന്ന് നിങ്ങൾക്ക് പറയാൻ കഴിയും.

ഈഗോയിസത്തിന്റെ ഉപയോഗം അനുവദനീയമാണ്. പക്ഷെ ആവശ്യത്തിൽ അധികമായ ഈഗോയിസം അനുവദിക്കപ്പെട്ടിട്ടില്ല. വ്യസനിക്കുന്നത് തെറ്റാണ്. അതിന്റെ ഫലം ജന്തുലോകത്തിൽ ഒരു ജന്മമായിരിക്കും.

**ചോദ്യകർത്താവ്:** വ്യസനം അവസാനിപ്പിക്കാൻ എന്താണ് മാർഗ്ഗം?

**ദാദാശ്രീ:** തിരിയുക. അതിനെ പോകാൻ അനുവദിക്കുക. അതിനെ തള്ളിക്കളയുക. ഈഗോയിസം ഇല്ലാത്ത ഒരു മാർഗ്ഗം പരീക്ഷിച്ചു നോക്കുക. മറ്റൊരു മാർഗ്ഗം ഈഗോ ഇല്ലാത്തവൻ ആകുകയാണ്. നിങ്ങളൊരു ജ്ഞാനീപുരുഷനെ കണ്ടുമുട്ടുമ്പോഴാണ് അത് സംഭവിക്കുന്നത്. അദ്ദേഹത്തിനു മാത്രമാണ് നിങ്ങളുടെ ഈഗോ പൂർണ്ണമായും നീക്കം ചെയ്യാൻ കഴിയുക.

## (39)എങ്ങനെയാണ് വ്യസനങ്ങൾ പോകുന്നത്?

**ചോദ്യകർത്താവ്:** എന്തുകൊണ്ടാണ് ഞങ്ങൾക്ക് വ്യസനങ്ങൾ ഒഴിവാക്കാൻ കഴിയാത്തത്? വ്യസനങ്ങൾ ഒഴിവാക്കാൻ ഒരാൾ എന്തുചെയ്യണം?

**ദാദാശ്രീ:** വ്യസനങ്ങൾ അവസാനിച്ച ഒരാൾ പോലുമുണ്ടാവില്ല. ഭഗവാൻ കൃഷ്ണന്റെ ഭക്തന്മാരുടെ വ്യസനങ്ങൾ പോലും അവസാനിച്ചില്ല. വ്യസനങ്ങൾ എല്ലാ വിവേകത്തേയും അറിവിനേയും അന്ധമാക്കുകയും തകർക്കുകയും ചെയ്യുന്നു.

ഈ ലോകത്തിൽ വ്യസനിക്കാത്ത ഒരാൾ പോലുമുണ്ടാവില്ല. സന്യാസികൾ പോലും പലപ്പോഴും വ്യസനിക്കുന്നു. അവർക്ക് ഇൻകം ടാക്സ്, സെയിൽസ് ടാക്സ്, വാടക എന്നിവയെക്കുറിച്ചൊന്നും വ്യസനിക്കേണ്ടതില്ല. എന്നാൽ ചില ദിവസങ്ങളിൽ അവരും വ്യസനിക്കുന്നു. ശിഷ്യന്മാരുമായി സംഘർഷമുണ്ടായാൽ അവർക്ക് വ്യസനങ്ങൾ ഉണ്ടാകുന്നു. ആത്മജ്ഞാനം നേടാതെ വ്യസനങ്ങൾ വിട്ടു പോവില്ല.

"ഒരു മണിക്കൂർ കൊണ്ട് ഞാൻ നിങ്ങളുടെ എല്ലാ വ്യസനങ്ങളും എടുത്തു കളയും. ഞാൻ നിങ്ങൾക്ക് ഗേരന്റി നല്കുന്നു. നിങ്ങൾക്ക് അതിനു ശേഷം ഒരൊറ്റ വ്യസനമെങ്കിലും വന്നാൽ, നിങ്ങൾക്ക് വക്കീലിനെ വെച്ച്

കോടതിയിൽ എനിക്കെതിരെ കേസ് ഫയൽ ചെയ്യാം. ഞാൻ ആയിരക്കണക്കിനാളുകളെ വ്യസനരഹിതരാക്കിയിട്ടുണ്ട്. എന്നിൽ നിന്ന് എന്താണ് ആവശ്യമെങ്കിൽ ചോദിക്കു. ഞാൻ അത് നിങ്ങൾക്ക് നല്കും. അങ്ങനെയാണെങ്കിലും, വിവേകപൂർവ്വം ചോദിക്കു. നിങ്ങളെ ഒരിക്കലും വിട്ടു പോവാത്ത എന്തെങ്കിലും ചോദിക്കുക. നശിച്ചു പോകുന്ന വസ്തുക്കൾ ചോദിക്കാതിരിക്കുക. അനന്തമായ ആനന്ദം ആവശ്യപ്പെടുക".

നിങ്ങളെന്റെ അഞ്ച് ആജ്ഞകൾ പിന്തുടരുകയാണെങ്കിൽ, എന്നിട്ടും വ്യസനങ്ങൾ വരികയാണെങ്കിൽ, എനിക്കെതിരെ കേസ് കൊടുക്കാൻ ഞാൻ നിങ്ങളെ അനുവദിക്കുന്നു. നിങ്ങളെന്റെ ആജ്ഞകളിൽ നില്ക്കണം. ഇവിടെ നിങ്ങൾക്ക് എല്ലാം ലഭിക്കും. ഞാൻ ഇവിടെ എല്ലാവർക്കും എന്ത് വാഗ്ദാനമാണ് നല്കിയിരിക്കുന്നത് എന്നറിയാമോ? നിങ്ങൾക്ക് എന്തെങ്കിലും വ്യസനങ്ങൾ വന്നാൽ രണ്ടു ലക്ഷം രൂപ കിട്ടാൻ എനിക്കെതിരെ കേസു കൊടുക്കാമെന്ന്.

**ചോദ്യകർത്താവ്:** അങ്ങയിൽ നിന്നും ജ്ഞാനം ലഭിച്ചതിനുശേഷം, അങ്ങയിൽ എന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അർപ്പിച്ചതോടെ, എനിക്ക് വ്യസനങ്ങൾ ഒന്നും ഇല്ലാതായി.

**ദാദാശ്രീ:** അതെ. വ്യസനങ്ങൾ ഒന്നും ഉണ്ടാവുകയില്ല.

വ്യസനങ്ങൾ ഇല്ലാതാകുന്ന അവസ്ഥയെ സമാധി എന്നു പറയുന്നു. അതിനു ശേഷം നിങ്ങൾക്ക്, വളരെയധികം ജോലികൾ, മുമ്പെന്നത്തേക്കാളും വളരെ കാര്യക്ഷമതയോടെ ചെയ്യാൻ കഴിയും. കാരണം കെട്ടുപാടുകളൊന്നും പിന്നെ ഉണ്ടാവില്ല. നിങ്ങൾ ഓഫീസിലെത്തിയാലുടനെ നിങ്ങളുടെ ജോലി ആരംഭിക്കുന്നു. വീടിനെക്കുറിച്ച് ചിന്തയുണ്ടാവില്ല. മറ്റു പുറമെയുള്ള ചിന്തകളൊന്നും നിങ്ങളെ ശല്യം ചെയ്യുകയില്ല. അതുകൊണ്ട് കയ്യിലുള്ള ജോലി നിങ്ങൾക്ക് കാര്യക്ഷമമായി മുഴുവൻ ശ്രദ്ധയോടെ ചെയ്യാൻ കഴിയും.

## (40) വർത്തമാനത്തിൽ ജീവിക്കുക എന്നതാണ് യഥാർത്ഥ കാര്യം

ഒരേയൊരു മൂന്നുവയസ്സായ പെൺമകളുള്ള ആൾ, അവൾ വളർന്നു വരുമ്പോൾ അവളുടെ വിവാഹത്തിനുള്ള ചിലവിനെക്കുറിച്ച് ചിന്തിക്കുന്നു. ഇങ്ങനെയുള്ള വ്യസനങ്ങളൊന്നും ഉണ്ടാവാൻ പാടില്ല. സമയം ശരിയാവുമ്പോൾ, അവളുടെ വിവാഹത്തിനുള്ള സാഹചര്യങ്ങളെല്ലാം ഒത്തു വരും. അതു വരെ വ്യസനിക്കരുത്. നിങ്ങൾ ചെയ്യേണ്ടത്, അവൾക്ക് ഭക്ഷണം കൊടുത്ത് വളർത്തുകയും വിദ്യാഭ്യാസം നല്കുകയുമാണ്. വരാൻ പോകുന്ന കാലത്തെക്കുറിച്ച് ചിന്തിച്ച് വ്യസനിക്കരുത്. ഇപ്പോഴുള്ള കാലത്തെക്കുറിച്ച് മാത്രം ശ്രദ്ധിക്കുക. ഭൂതകാലം കഴിഞ്ഞുപോയി. നിങ്ങളതിനെ എന്തിനു കുഴി മാന്തിയെടുക്കുന്നു? ഭാവി വ്യവസ്ഥിതിയുടെ കൈകളിലാണ്. അതുകൊണ്ട് വർത്തമാനകാലത്തിൽ ജീവിക്കുക. നിങ്ങളൊരു കപ്പ് ചായ കുടിക്കുമ്പോൾ, അത് ആസ്വദിക്കുക. കാരണം ഭാവി വ്യവസ്ഥിതിയുടെ കരങ്ങളിലാണ്. എന്തിനു വ്യസനിക്കുന്നു? വർത്തമാനകാലത്തിൽ ജീവിക്കുക. ഭക്ഷണം കഴിക്കുമ്പോൾ, നിങ്ങളുടെ മുന്നിലുള്ള ഭക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നിങ്ങൾ കഴിക്കുന്ന ഭക്ഷണത്തിൽ ചേർത്തിരിക്കുന്ന ഘടകങ്ങൾ എന്തൊക്കെയെന്ന് അറിയുക. വർത്തമാനത്തിലിരിക്കുക എന്നതിനർത്ഥം, നിങ്ങൾ എക്കൗണ്ട് എഴുതുമ്പോൾ നിങ്ങളുടെ മുഴുവൻ കോൺസെൻട്രേഷനും അതിൽ തന്നെയായിരിക്കുക എന്നതു പോലെയാണ്. അപ്പോൾ ചെയ്യുന്ന ജോലിയിൽ കൃത്യത കൈവരുന്നു. മനസ്സ് ഭാവികാലത്തിൽ അലയുന്നതുകൊണ്ടാണ് നിങ്ങളുടെ എക്കൗണ്ടിങ്ങിൽ തെറ്റുകൾ സംഭവിക്കുന്നത്. വർത്തമാനകാലത്തിൽ ജീവിക്കുന്നവർ, ഒരൊറ്റ തെറ്റ പോലും വരുത്തുകയില്ല. അവർക്ക് വ്യസനങ്ങളുമില്ല.

## (41) വ്യസനം കർമ്മങ്ങളുടെ ഡിസ്ചാർജല്ല

**ചോദ്യകർത്താവ്:** വ്യസനം മുൻകർമ്മങ്ങളുടെ ഡിസ്ചാർജാണോ?

**ദാദാശ്രീ:** വ്യസനത്തിന് ഡിസ്ചാർജ് ആവാൻ കഴിയില്ല. വ്യസനത്തിൽ ഒരു "പ്രവൃത്തി ചെയ്യുന്ന ആൾ' ഉണ്ട്.

ചാർജ്ജ ചെയ്യുന്ന രൂപത്തിലായിരുന്ന (പുതിയ കർമ്മങ്ങൾ ബന്ധിപ്പിക്കുന്ന) വ്യസനങ്ങളാണ് ഇപ്പോൾ ഡിസ്ചാർജ്ജ രൂപത്തിൽ

വരുന്നത്. ഇതിനെ നാം ശ്വാസം മുട്ടലെന്നു വിളിക്കുന്നു. ഡിസ്ചാർജ് കർമ്മങ്ങൾക്ക് വിഷമമനുഭവപ്പെടുകയില്ല. കാരണം ആത്മാവ് ഈഗോയിൽ നിന്നും വേർപെട്ടിരിക്കും. രണ്ടും ഒന്നിച്ചിരിക്കുമ്പോഴാണ് വ്യസനം സംഭവിക്കുന്നത്. അത് ആത്മജ്ഞാനത്തിന് മുമ്പുള്ള അവസ്ഥ പോലെയാണ്.

ഇപ്പോൾ ശ്വാസം മുട്ടൽ അനുഭവപ്പെടുന്നത് കഴിഞ്ഞ ജന്മത്തിൽ ചാർജ് ചെയ്ത വ്യസനത്തിന്റെ ഫലമായാണ്. ഡിസ്ചാർജ് ചെയ്യുന്ന സമയത്ത് ശ്വാസം മുട്ടൽ അനുഭവപ്പെടും. കോപം അതിന്റെ ചാർജുചെയ്യുന്ന രൂപത്തിൽ ക്രോധം (ഈഗോയോടു കൂടിയ കോപം) എന്നു വിളിക്കാം. അതിന്റെ ഫലമായ ഡിസ്ചാർജ് രൂപത്തെ ദേഷ്യം (ഈഗോരഹിതമായ കോപം) എന്നു വിളിക്കാം. ഈഗോ ആണ് ചാർജ് ചെയ്യാൻ കാരണമാകുന്നത്. ഈഗോ ഇല്ലെങ്കിൽ അത് ഡിസ്ചാർജാണ്.

അതുകൊണ്ട് ജ്ഞാനം ലഭിച്ചുകഴിഞ്ഞാൽ, വ്യസനങ്ങൾ ഒരിക്കലും സംഭവിക്കുകയില്ല. അത് വെറും ശ്വാസം മുട്ടലാണ്. വ്യസനങ്ങളുള്ള മുഖം കണ്ടാൽ ഒരാൾക്ക് തിരിച്ചറിയാൻ കഴിയും. ജ്ഞാനത്തിനു ശേഷം ഒരാൾക്കു സംഭവിക്കുന്നത് ശ്വാസംമുട്ടൽ മാത്രമാണ്.

നമുക്കു വേണ്ടി ഒരു മേപ്പ് ട്രേസു ചെയ്തുവെച്ചാൽ, അത് നോക്കി മനസ്സിലാക്കുന്നതിൽ നമുക്കനുഭവപ്പെടുന്ന തെറ്റ് ഒരു തിരിച്ചറിവില്ലായ്മ (confusion) മാത്രമാണ്. അതിനെ വ്യസനമെന്നു വിളിക്കാനാവില്ല. അത് ശ്വാസം മുട്ടൽ (suffocation) മാത്രമാണ്. അതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ടതില്ല. വ്യസനങ്ങൾ നിങ്ങളെ തിന്നു തീർക്കും.

## (42) "വ്യവസ്ഥിതി" എന്തെന്നറിയുമ്പോൾ വ്യസനങ്ങൾ ഓടിപ്പോകുന്നു

**ചോദ്യകർത്താവ്:** ഒരാൾക്ക് വ്യവസ്ഥിതി എന്താണെന്ന് ശരിയായി മനസ്സിലായാൽ വ്യസനങ്ങളോ സമ്മർദ്ദങ്ങളോ നില നിൽക്കുകയില്ല.

**ദാദാശ്രീ:** അതെ, ഒന്നുമുണ്ടാവില്ല. വ്യവസ്ഥിതി എന്നാൽ ശാസ്ത്രീയ

സാഹചര്യത്തെളിവുകൾ (Scientific Circumstantial Evidences) ആണ്. ഒരാൾ വ്യവസ്ഥിതി മനസ്സിലാക്കിക്കൊണ്ടേയിരിക്കണം. വ്യവസ്ഥിതിയുടെ അവസാനഘട്ടത്തിൽ പരിപൂർണ്ണജ്ഞാനം (Absolute Knowledge) ലഭിക്കും. ഒരാൾക്ക് വ്യവസ്ഥിതി മനസ്സിലായാൽ അയാൾക്ക് പരിപൂർണ്ണജ്ഞാനവും മനസ്സിലാവും. എന്റെ ഈ വ്യവസ്ഥിതിയുടെ കണ്ടു പിടിത്തം മനോഹരമാണ്. ഇത് അത്ഭുതകരമായ ഒരു കണ്ടുപിടിത്തമാണ്.

അനന്തജന്മങ്ങളായി ആരാണ് ഈ ലൗകിക വ്യവഹാരം സൃഷ്ടിച്ചുകൊണ്ടിരുന്നത്? അത് കർതൃത്വത്തിന്റെ ഈഗോ (അഹം) ആണ്, അതിന്റെ ഫലമായ വ്യസനങ്ങളും.

**ചോദ്യകർത്താവ്:** ഈ ജ്ഞാനത്തിന്റെ ഫലമായി, ഞാൻ ഭാവിയെ കുറിച്ച് വ്യസനിക്കാതായി.

**ദാദാശ്രീ:** "ഇത് വ്യവസ്ഥിതി ആണ്" എന്നു പറയാനാണ് നിങ്ങൾ വന്നിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ വ്യവസ്ഥിതി ശരിയായി മനസ്സിലാക്കി ഇരിക്കുന്നു. ഒന്നും മാറാൻ പോകുന്നില്ല. രാത്രി മുഴുവൻ ഉണർന്നിരുന്ന്, രണ്ടു വർഷം കഴിഞ്ഞ് എന്തു സംഭവിക്കും എന്ന് നിങ്ങൾ ചിന്തിച്ചു കൊണ്ടിരുന്നാൽ, നിങ്ങളുടെ ചിന്തകൾ മുഴുവൻ വ്യർത്ഥം ആയിരിക്കും. അത് സമയവും ശക്തിയും വ്യർത്ഥം ആക്കലാണ്.

**ചോദ്യകർത്താവ്:** വാസ്തവവും ആപേക്ഷികവും എന്താണെന്ന് അങ്ങ് വിശദീകരിച്ചു തന്നപ്പോൾ, വ്യസനങ്ങളെല്ലാം പോയി.

**ദാദാശ്രീ:** അതെ. ഇനിയൊരിക്കലും നിങ്ങൾ വ്യസനിക്കുകയില്ല. ഈ ജ്ഞാനത്തിനു ശേഷം വ്യസനങ്ങൾക്ക് ഉണ്ടാവാൻ കഴിയില്ല. ഇത് പരിപൂർണ്ണ ജ്ഞാനികളായ വീതരാഗികളുടെ മാർഗ്ഗമാണ്. വീതരാഗമാർഗ്ഗം വ്യസന രഹിതമാണ്. ഇത് എല്ലാ ജ്ഞാനികളുടേയും തീർത്ഥംകരന്മാരുടേയും ബോധോദയമുണ്ടായവരുടേയും മാർഗ്ഗമാണ്.

**-ജയ് സച്ചിദാനന്ദ്**

# നമസ്കാർ വിധി

1. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന തീർത്ഥങ്കര ഭഗവാൻ ശ്രീ സിമന്ദർ സ്വാമിയെ അത്യധികം ഭക്തിയോടെ ഞാൻ നമസ്കരിക്കുന്നു. (40)
2. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ഓം പരമേഷ്ഠി ഭഗവന്തുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
3. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന പഞ്ച പരമേഷ്ഠി ഭഗവന്തുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
4. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന തീർത്ഥങ്കര സാഹിബുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
5. വീതരാഗ് ശാസൻ ദേവി ദേവതമാരെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
6. നിഷ്പക്ഷപാതി ശാസൻ ദേവി ദേവതമാരെ ഞാൻ അത്യന്തം ഭക്തി പൂർവ്വം നമസ്കരിക്കുന്നു. (5)
7. 24 തീർത്ഥങ്കര ഭഗവാൻമാരെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
8. ശ്രീകൃഷ്ണ ഭഗവാനെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
9. ഭരത ക്ഷേത്രത്തിൽ ഇപ്പോൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ശ്രീ ദാദാ ഭഗവാനെ ഞാൻ ഇളക്കമില്ലാത്ത ഭക്തിയോടെ നമസ്തരിക്കുന്നു. (5)
10. ദാദാ ഭഗവാന്റെ ഭാവിയിൽ വരാൻ പോകുന്ന തീർത്ഥങ്കര ഭഗവാൻമാരെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്തരിക്കുന്നു. (5)
11. ദാദാ ഭഗവാന്റെ ജ്ഞാനികളായ മഹാത്മാക്കളെയെല്ലാം ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
12. പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളുടേയും അകത്തു വസിക്കുന്ന യഥാർത്ഥ സ്വരൂപത്തെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
13. യഥാർത്ഥ സ്വരൂപമാണ് ഭഗവത് സ്വരൂപം. അതുകൊണ്ട് ലോകത്തെ മുഴുവനും ഭഗവത് സ്വരൂപമായി ഞാൻ ദർശിക്കുന്നു. (5)
14. യഥാർത്ഥ സ്വരൂപമാണ് ശുദ്ധാത്മ സ്വരൂപം. അതുകൊണ്ട് ലോകത്തെ മുഴുവനും ശുദ്ധാത്മാ സ്വരൂപമായി ഞാൻ ദർശിക്കുന്നു. (5)
15. യഥാർത്ഥ സ്വരൂപമാണ് തത്വ സ്വരൂപം, അതുകൊണ്ട് ലോകത്തെ മുഴുവനും തത്വ ജ്ഞാന രൂപത്തിൽ ഞാൻ ദർശിക്കുന്നു. (5)

# Books of Dada Bhagwan Foundation

1.Adjust Everywhere
2.Ahimsa : Non-Violence
3.Anger
4.Aptavani-1
5.Aptavani-2
6.Aptavani-4
7.Aptavani-5
8.Aptavani-6
9.Aptavani-8
10.Aptavani-9
11.Autobiography of Gnani Purush A.M Patel
12.Avoid Clashes
13.Brahmacharya
14.Death : Before, During & After
15.Flawless Vision
16.Generation Gap
17.Harmony in Marriage
18.Life Without Conflict
19.Money
20.Noble Use of Money
21.Pratikraman
22.Pure Love
23.Right Understanding to Help Others
24.Science of Karma
25.Science of Speech
26.Shree Simandhar Swami : The Living God
27.The Essence Of All Religion
28.The Fault Is Of The Sufferer
29.The Guru and The Disciple
30.The Hidden Meaning Of Truth & Untruth
31.The Practice Of Humanity
32.Trimantra : The mantra that removes all the worldly obstacles
33.Whatever Happened is Justice
34. Who Am I ?
35.Worries

❖ Dada Bhagwan books are availables in different languages: Gujarati, Hindi, English, Marathi, Telegu, Kanada, Oriya, Malayali, Bengali, Punjabi, Assamese, Tamil, German, Spanish, Russian etc

❖ 'Dadavani' Magazine is published every month in three Languages: Gujarati, Hindi, and English.

**www.dadabhagwan.org**

# Dada Bhagwan Parivar

**Adalaj:** Trimandir, Simandhar City, Ahmedabad-Kalol Highway, Po/Adalaj, Dist.: Gandhinagar-382421, Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



## വ്യസനങ്ങൾ പ്രവർത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

വ്യസനങ്ങൾ ആരംഭിച്ചാൽ, മനസ്സിലാക്കുക, നിങ്ങളുടെ പ്രവർത്തി നാശമായിത്തീരും. വ്യസനങ്ങൾ ഒന്നും ഉയർന്നു വരുന്നില്ല എങ്കിൽ ജോലി നല്ല രീതിയിൽ നടക്കും. വ്യസനങ്ങൾ ജോലിക്ക് തടസ്സമാകുന്നു. വ്യസനങ്ങൾ ഒരു ബിസിനസ്സിനെ തന്നെ കൊന്നുകളയും.

ഭൂരിഭാഗം ആളുകളും അവരുടെ ബിസിനസ്സിനെ കുറിച്ച് വ്യസനിക്കുന്നവരാണ്. എന്തുകൊണ്ടാണ് അത്? അതിനുള്ള കാരണം, അവർക്ക് തോന്നുന്നു, "ഞാനാണ് ഈ ബിസിനസ്സ് നടത്തുന്നത്" എന്ന്. അതാണ് വ്യസനങ്ങൾക്കുള്ള കാരണം. ഇക്കാര്യത്തിൽ, കാര്യങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്നതിനെ കുറിച്ചുള്ള ഒരു അറിവിന്റേയും സഹായം അയാൾ തേടുന്നില്ല. വ്യസനിക്കുന്നത് ഏറ്റവും വലിയ അഹങ്കാരമാണ്.

ദാദാശ്രീ

मूल दीपक से प्रकटे दीपमाला

dadabhagwan.org

ISBN 978-93-90664-91-7

9 789390 664917

Printed in India

Price ₹20